കേരള സർക്കാർ

# പൗരാവകാശ രേഖ



## ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ്

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ,**
**തിരുവനന്തപുരം.**

# 2008

# പൗരാവകാശ രേഖ

**ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ്**

**ഹൗസിംഗ് ബോർഡ്**
**ബിൽഡിംഗ്, ശാന്തി നഗർ,**
**തിരുവനന്തപുരം.**

# കേരള സർക്കാർ
# ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ്
# പൗരാവകാശ രേഖ

വിദ്യാഭ്യാസത്തിന് മറ്റെന്തിനേക്കാളും പ്രാധാന്യം കൽപ്പിക്കുന്നവരാണ് കേരളത്തിലെ ജനങ്ങൾ. ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലയിലെ, അക്കാദമികവും ഭരണപരവും, പരീക്ഷാ സംബന്ധവുമായ വിഷയങ്ങൾക്ക് മാർഗ്ഗദർശിത്വം നൽകുകയും ശാസ്ത്രീയവും, നൂതനവുമായ രീതികൾ വിജയകരമായി നടപ്പിലാക്കി കേരള സമൂഹത്തിന്റെ പ്രതീക്ഷകൾ സാക്ഷാത്കരിക്കാൻ യത്നിക്കുകയുമാണ് ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ്. ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ ലഭ്യമാകുന്ന സേവനങ്ങളെപ്പറ്റിയും സേവന ലഭ്യതയുടെ കാര്യത്തിൽ തങ്ങളുടെ അവകാശങ്ങളെപ്പറ്റിയും, ഓരോ പൗരനും അവബോധം ഉണ്ടാക്കാനുതകുന്ന രീതിയിലുള്ള ഒരു 'പൗരാവകാശരേഖ' സന്തോഷത്തോടെ പ്രസിദ്ധീകരിക്കുകയാണ്. ജനപക്ഷ സിവിൽ സർവ്വീസ് എന്ന സങ്കൽപത്തിൽ നിന്നും രൂപം കൊണ്ട ഈ രേഖ, ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിന് കേരളത്തിലെ പൗര സമൂഹത്തോടുള്ള പ്രതിബദ്ധതയുടെ പ്രഖ്യാപനവുമാണ്.

ഹയർസെക്കന്ററി വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട്, ജനങ്ങൾ അറിയേണ്ട വിവരങ്ങൾ പരമാവധി ഉൾക്കൊള്ളിക്കാൻ ശ്രമിച്ചിട്ടുണ്ട്. വകുപ്പിന്റെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവുമാക്കുവാൻ ഈ രേഖ സഹായിക്കുമെന്നു പ്രത്യാശിക്കുന്നു.

പൗരാവകാശ രേഖ എന്ന ആശയം യാഥാർത്ഥ്യാമാക്കാൻ പരിശ്രമിച്ച സഹപ്രവർത്തകർക്ക് നന്ദി.

സി പി ചിത്ര
ഡയറക്ടർ
ഹയർ സെക്കന്ററി വിദ്യാഭ്യാസവകുപ്പ്

# ഉള്ളടക്കം


| വിഷയം | പേജ് |
|---|---|
| വിദ്യാർത്ഥി പ്രവേശനം | 8 - 9 |
| പാഠ്യേതര പദ്ധതികൾ | 14 -15 |
| സ്കോളർഷിപ്പ് | 15 - 19 |
| ഡയറക്ടറേറ്റിൽ ലഭ്യമാകുന്ന സേവനങ്ങൾ കോമ്പിനേഷൻ മാറ്റം, പ്രായപരിധി ഇളവ് | 21 - 22 |
| മൈഗ്രേഷൻ സർട്ടിഫിക്കറ്റ് | 23 - 24 |
| ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് | 25 |
| ഹാജർ കുറവ് പരിഹരിക്കൽ | 26 - 27 |
| രജിസ്ട്രേഷൻ റദ്ദാക്കൽ | 27 - 28 |
| ഗ്രേസ് മാർക്ക് | 28 - 31 |
| ശാരീരികവും മാനസികവുമായ വിഷമതകൾ അനുഭവിക്കുന്ന കുട്ടികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ | 31 - 34 |
| കോൺഫിഡൻഷ്യൽ മാർക്ക്‌ലിസ്റ്റ് | 34 |
| റീവാല്യൂവേഷൻ, ഫോട്ടോകോപ്പി സ്ക്രൂട്ടിനി , | 35 - 36 |
| മൂല്യ നിർണ്ണയം | 37 |
| പ്രോവിഡന്റ് ഫണ്ട് | 37 - 38 |
| റീജിയണൽ ഓഫീസുകളിൽ ലഭ്യമാകുന്ന സേവനങ്ങൾ | 38 - 42 |
| പരാതി പരിഹാരം | 43 - 44 |

# പൗരാവകാശരേഖ - ഹയർ സെക്കന്ററി വിദ്യാഭ്യാസവകുപ്പ്

## I. ആമുഖം

1986 ലെ ദേശീയ വിദ്യാഭ്യാസനയത്തെ പിൻതുടർന്നാണ് കേരളത്തിൽ സർവ്വകലാശാലകളിൽ നിന്ന് പ്രീഡിഗ്രി വേർപെടുത്തി സ്കൂൾ തലത്തിൽ ഹയർസെക്കന്ററി സംവിധാനം ആരംഭിച്ചത്. 1990 ലാണ് ഹയർസെക്കന്ററി ഡയറക്ടറേറ്റ് രൂപീകൃതമാകുന്നത്. ആദ്യഘട്ടത്തിൽ 31 ഗവൺമെന്റ് സ്കൂളുകളിൽ മാത്രമാണ് ഹയർ സെക്കന്ററി കോഴ്സ് ആരംഭിച്ചത്. 2001ൽ പ്രീഡിഗ്രി പൂർണ്ണമായും സർവ്വകലാശാലകളിൽ നിന്ന് വേർപെടുത്തിയതോടെ, ഹയർ സെക്കന്ററിമേഖല സ്കൂൾ വിദ്യാഭ്യാസത്തിന്റെ സുപ്രധാന വഴിത്തിരിവായി. ഇന്ന് ഈ വകുപ്പിൻ കീഴിൽ ഗവൺമെന്റ് മേഖലയിൽ 735 ഉം എയ്ഡഡ് മേഖലയിൽ 529 ഉം അൺ എയിഡഡ് മേഖലയിൽ 439 ഉം എന്ന നിലയിൽ മൊത്തം 1703 ഹയർസെക്കന്ററി സ്കൂളുകൾ പ്രവർത്തിച്ചു വരുന്നു. സയൻസ്, ഹ്യൂമാനിറ്റീസ്, കോമേഴ്സ്, വിഭാഗങ്ങളിലായി 353820 സീറ്റുകളിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാൻ കഴിയുന്നു. ഗവൺമന്റ് എയിഡഡ് മേഖലകളിലായി 17905 ഓളം അദ്ധ്യാപകരും ഈ വകുപ്പിൻ കീഴിൽ അർപ്പണ ബുദ്ധിയോടെ പ്രവർത്തിച്ചു വരുന്നുണ്ട്.

ഹയർസെക്കന്ററി വിദ്യാഭ്യാസം കാര്യക്ഷമമായി നടത്തുകയും ഒപ്പം മൂല്യബോധമുളള തലമുറയെ വാർത്തെടുക്കുകയും ചെയ്യുകയെന്ന മഹനീയ കർത്തവ്യമാണ് വകുപ്പിൽ നിക്ഷിപ്തമായിട്ടുളളത്. കേരളത്തിലെ ഹയർസെക്കന്ററി വിദ്യാഭ്യാസം കാലഘട്ടത്തിന് അനുസൃതമായി, ദൂരകാഴ്ചയോടെ, ഉയർന്ന നിലവാരത്തിൽ തന്നെ നിർത്തുന്നതിന് നിതാന്ത ജാഗ്രത പുലർത്തുന്നതോടൊപ്പം വിദ്യാർത്ഥികളുടെ സമഗ്രമായ വ്യക്തിത്വവികസനത്തിന് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടുളള പദ്ധതികളും ഈ വകുപ്പിൻ കീഴിൽ നടന്നു വരുന്നു.

## II. വീക്ഷണം

പ്രീഡിഗ്രി കോഴ്സ് കോളേജുകളിൽ നിന്നും വേർപ്പെടുത്തി, സ്ക്കൂൾ വിദ്യാഭ്യാത്തിന്റെ ഭാഗമാക്കിയതോടെ, ഈ മേഖലയുടെ സുഗമവും കാര്യക്ഷമവുമായ നടത്തിപ്പിന് ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് രൂപീകൃതമായി. വിദ്യാർത്ഥി പ്രവേശനം മുതൽ സർട്ടിഫിക്കറ്റ് നൽകുന്നതു വരെയുള്ള പ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിൽ നടത്താൻ മികച്ച ഔദ്യോഗിക സംവിധാനം വകുപ്പ് ലക്ഷ്യമിടുന്നു.

## III. ദൗത്യം


ഹയർ സെക്കന്ററി മേഖലയുടെ ഉന്നമനത്തിനും നിരന്തര നവീകരണത്തിനും അർപ്പണ ബോധത്തോടു കൂടി പ്രവർത്തിക്കാൻ വകുപ്പ് സദാ സന്നദ്ധമായിരിക്കും. നിശ്ചിത സമയ പരിധിക്കുള്ളിൽ തന്നെ ബന്ധപ്പെട്ട സേവനം നൽകുന്ന കാര്യം ഉറപ്പു വരുത്തുന്നതും, സുതാര്യവും കാര്യക്ഷമവുമായ പ്രവർത്തനം കാഴ്ചവെക്കുന്നതുമാണ്. പൊതുജന സമ്പർക്കം പരമാവധി സൗഹൃദപരമാക്കാനും, അവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ്, മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യാനും ശ്രദ്ധിക്കുന്നതാണ്. വിദ്യാർത്ഥി ക്ഷേമവും, അക്കാദമിക് നിലവാരവും ഉറപ്പുവരുത്തുന്നതോടൊപ്പം വിദ്യാർത്ഥികളുടെ സമഗ്ര വികസനത്തിനായുള്ള പദ്ധതികൾക്ക് ഊന്നൽ നൽകുകയും ചെയ്യുന്നു. മാറി വരുന്ന സാഹചര്യങ്ങൾക്കനുസരിച്ച് കാലാനുസൃതമായി അദ്ധ്യാപകർക്ക് പരിശീലനം നൽകിക്കൊണ്ടും മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഒരുക്കിക്കൊണ്ടും ഹയർസെക്കന്ററി മേഖലയുടെ നിലവാരം മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുന്നതാണ്. ഉപരിപഠനത്തിന് ശക്തമായ അടിത്തറ പ്രദാനം ചെയ്യുന്നതോടൊപ്പം, സാമൂഹ്യ അവബോധവും മൂല്യബോധവുമുള്ള തലമുറയെ വാർത്തെടുക്കുക എന്ന മൗലിക ദൗത്യമാണ് വകുപ്പിന് നിറവേറ്റാനുള്ളത്.

## IV. ഓഫീസ് ഘടന – ഭരണ നിർവ്വഹണം

സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പിൻ കീഴിലാണ് ഹയർ സെക്കന്ററി ഡയറക്ടറേറ്റ് പ്രവർത്തിക്കുന്നത്. ഹയർസെക്കന്ററി ഡയറക്ടറാണ് ഹയർ സെക്കന്ററി വിദ്യാഭ്യാ വകുപ്പിന്റെ തലവൻ. തിരുവനന്തപുരമാണ് ആസ്ഥാനം. ഭരണനിർവ്വഹണത്തിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്നു മേഖലാ ഓഫീസുകളും നിലവിലുണ്ട്. മേഖലാ ഓഫീസുകളുടെ അധികാര പരിധി ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം മേഖലാ ഓഫീസ്: | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകൾ, |
| എറണാകുളം മേഖലാ ഓഫീസ് : | കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട് ജില്ലകൾ |
| കോഴിക്കോട് മേഖലാ ഓഫീസ് : | മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകൾ |

## ഓഫീസ് ഘടന



| സെക്ഷൻ | സെക്ഷൻ | സെക്ഷൻ | സെക്ഷൻ |
|---|---|---|---|

## V. ഭൗതിക സാഹചര്യങ്ങൾ

ഹയർ സെക്കന്ററി സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ വേണ്ട പദ്ധതികൾ വകുപ്പ് കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, ലൈബ്രറികളും ലബോറട്ടറികളും ശക്തിപ്പെടുത്തുക, നെറ്റ്വർക്ക് സ്ഥാപിക്കുക, കമ്പ്യൂട്ടറുകൾ വാങ്ങുക, എന്നീകാര്യങ്ങൾക്കായി മതിയായ തുക വിനിയോഗിക്കാറുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ, നബാർഡ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തിനു പുറമേ എം.എൽ.എ, എം.പി., പി.റ്റി.എ ഫണ്ടുകളും സർക്കാർ ഹയർസെക്കന്ററി സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിനിയോഗിക്കുന്നു.

## VI. വിദ്യാർത്ഥി പ്രവേശനം

എസ്.എസ്.എൽ.സി യോ തത്തുല്യ പരീക്ഷയോ പാസ്സായ വിദ്യാർത്ഥിക്ക് ഹയർ സെക്കന്ററി കോഴ്സിന് അപേക്ഷിക്കാവുന്നതാണ്. ഹയർ സെക്കന്ററി കോഴ്സിന് പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥിക്ക് ആ അദ്ധ്യയന വർഷം 15 വയസ്സ് തികഞ്ഞിരിക്കേണ്ടതും 20 വയസ്സ് പൂർത്തിയാകാൻ പാടില്ലാത്തതുമാണ്. എസ്.സി/എസ്.റ്റി വിദ്യാർത്ഥികൾക്ക് ഉയർന്ന പ്രായപരിധിയിൽ 2 വർഷത്തെ ഇളവും, അന്ധരും ബധിരരുമായ വിദ്യാർത്ഥികൾക്ക് അഞ്ച് വർഷത്തെ ഇളവും അനുവദനീയമാണ്. 2007-2008 അദ്ധ്യയന വർഷത്തിൽ തിരുവനന്തപുരം ജില്ലയിൽ പരീക്ഷണാടിസ്ഥാനത്തിൽ 117 സർക്കാർ/എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിൽ പ്ലസ് വൺ പ്രവേശനത്തിന് ഏകജാലക സംവിധാനം നടപ്പിലാക്കി. പ്രവേശന പ്രക്രിയയുടെ സുതാര്യതയും കൃത്യതയും സാമൂഹ്യനീതിയും ഉറപ്പാക്കുന്ന ഈ സംവിധാനം പരക്കെ

സ്വാഗതം ചെയ്യപ്പെട്ടതിനാൽ സംസ്ഥാനത്തെ 14 ജില്ലകളിലെയും സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പ്ലസ്‌വൺ പ്രവേശനത്തിന് 2008-2009 വർഷം മുതൽ എകജാലക സംവിധാനം പ്രാബല്യത്തിൽ വന്നു.

പ്രവേശനം തേടുന്ന വിദ്യാർത്ഥിക്ക് ഒരപേക്ഷയിൽ ആവശ്യമുളളത്ര സ്കൂളുകളും കോഴ്സുകളും മുൻഗണനാ ക്രമത്തിൽ തെരഞ്ഞെടുക്കാവുന്നതാണ്. വിദ്യാർത്ഥിയുടെ മെറിറ്റും ഓപ്ഷന്റെ മുൻഗണനയുമനുസരിച്ച് സംവരണ തത്ത്വങ്ങൾക്കധീനമായി ഇഷ്ടപ്പെട്ട സ്കൂളിൽ പ്രവേശനം നേടാവുന്നതാണ്. പ്രവേശന മാനദണ്ഡങ്ങൾ തയ്യാറാക്കിയിരിക്കുന്നതും ശാസ്ത്രീയമായാണ്. ആകെ ഗ്രേഡ് പോയിന്റുകൾക്കൊപ്പം വിദ്യാർത്ഥി ആവശ്യപ്പെട്ട സബ്ജക്ട് കോംബിനേഷനുമായി ബന്ധപ്പെട്ട വിഷയങ്ങളുടെ ഗ്രേഡ് പോയിന്റുകളും, വിദ്യാർത്ഥിക്ക് അർഹതപ്പെട്ട വിഷയങ്ങളുടെ ഗ്രേഡ് പോയിന്റുകളും, വിദ്യാർത്ഥിക്ക് അർഹതപ്പെട്ട മറ്റ് ബോണസ് പോയിൻറുകളും കൂട്ടിയാണ് പ്രവേശനത്തിനുള്ള വെയിറ്റഡ് ഗ്രേഡ് പോയിന്റ് ആവറേജ് (WGPA) കണക്കാക്കുന്നത്. പ്രവേശനം നൽകുമ്പോൾ ഗ്രേഡിന് ആനുപാതികമായി പോയിന്റ് നൽകുന്നതിന് താഴേ ചേർത്തിരിക്കുന്ന പട്ടികയാണ് ഉപയോഗിക്കുന്നത്.

| ഗ്രേഡ് | A+ | A | B+ | B | C+ | C | D+ |
|---|---|---|---|---|---|---|---|
| പോയിന്റ് | 9 | 8 | 7 | 6 | 5 | 4 | 3 |

ഏതൊരു വിദ്യാർത്ഥിക്കും ജില്ലയിലെ ഏതെങ്കിലും സ്കൂളിൽ നിന്ന് അപേക്ഷ വാങ്ങി പൂരിപ്പിച്ച് ജില്ലയിലെ ഏതെങ്കിലും സ്കൂളിൽ നൽകിയാൽ ഓപ്ഷനും മെറിറ്റും അനുസരിച്ച്, സംവരണ തത്വങ്ങൾ പാലിച്ച് ജില്ലയിലെ ഏതു സ്കൂളിലേക്കും അഡ്മിഷൻ നേടാം എന്നുള്ളതാണ് ഇതിന്റെ നേട്ടം. മാത്രവുമല്ല, സംസ്ഥാനമൊട്ടാകെയുള്ള സ്കൂളുകളിലേക്കുള്ള പ്രവേശനം കേന്ദ്രീകൃത അലോട്ടുമെന്റ് വഴി നടത്താനും കഴിയുന്നു. കൃത്യതയും സുതാര്യതയും സാമൂഹ്യനീതിയും ഉറപ്പാക്കിക്കൊണ്ട് നടത്തുന്ന ഈ കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയ രാജ്യത്തിന്റെ വിദ്യാഭ്യാസചരിത്രത്തിലിടം നേടുന്നത് ഇത്തരത്തിൽ വിദ്യാർത്ഥി പ്രവേശനം നടത്തുന്ന ആദ്യ സംരംഭമെന്ന നിലയിൽ മാത്രമല്ല,

**നാലു ലക്ഷത്തിലധികം വിദ്യാർത്ഥികുടെ അപേക്ഷാ വിവരങ്ങൾ കേന്ദ്രീകൃതമായി പ്രോസസ്സ് ചെയ്യുകയെന്ന ശ്രമകരമായ ദൗത്യം ആദ്യമായി നിറവേറ്റി എന്ന നിലയിൽക്കൂടിയാണ്.**

## <u>സബ്ജക്ട് കോമ്പിനേഷനും, കോമ്പിനേഷൻ കോഡും</u>

## <u>സയൻസ് ഗ്രൂപ്പ്</u>

- ❖ ഫിസിക്സ്, കെമിസ്ട്രി, ബയോളജി, മാത്തമാറ്റിക്സ് …………… 01
- ❖ ഫിസിക്സ്, കെമിസ്ട്രി, ബയോളജി, ഹോം സയൻസ് ………….. 02
- ❖ ഫിസിക്സ്, കെമിസ്ട്രി,ഹോം സയൻസ്, മാത്തമാറ്റിക്സ്………… 03
- ❖ ഫിസിക്സ്, കെമിസ്ട്രി,ജി.യോളജി മാത്തമാറ്റിക്സ് …………….. 04
- ❖ ഫിസിക്സ്, കെമിസ്ട്രി,മാത്തമാറ്റിക്സ്,കമ്പ്യൂട്ടർ സയൻസ് ……….05
- ❖ ഫിസിക്സ്, കെമിസ്ട്രി,മാത്തമാറ്റിക്സ്, ഇലക്ട്രോണിക്സ് ……… 06
- ❖ ഫിസിക്സ്, കെമിസ്ട്രി,കമ്പ്യൂട്ടർ സയൻസ്, ജിയോളജി ………. 07
- ❖ ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, സ്റ്റാറ്റിസ്റ്റിക്സ് ……… 08
- ❖ ഫിസിക്സ്, കെമിസ്ട്രി,ബയോളജി, ഫിലോസഫി …………. 09

## <u>ഹ്യൂമൻ സയൻസ്</u>

- ❖ ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, ജിയോളജി … 10
- ❖ ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്,സോഷ്യോളജി …11
- ❖ ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്,ജിയോളജി ….12

❖ ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്,മ്യൂസിക്
.........13
❖ ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, ഗാന്ധിയൻ സ്റ്റഡീസ്
................14
❖ ഹിസ്റ്ററി, ഇക്കണോമിക്സ്,പൊളിറ്റിക്കൽ സയൻസ്, ഫിലോസഫി
....15
❖ ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യൽ വർക്ക്
.............16
❖ ഇസ്ലാമിക് ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, ജ്യോഗ്രഫി
..............17
❖ ഇസ്ലാമിക് ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി
............18
❖ സോഷ്യോളജി, സോഷ്യൽ വർക്ക്, ഫിലോസഫി, ഗാന്ധിയൻ സ്റ്റഡീസ്
.............19
❖ ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സൈക്കോളജി
.............20
❖ ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, ആന്ത്രോപ്പോളജി ..............21
❖ ഹിസ്റ്ററി, ഇക്കണോമിക്സ്,ജ്യോഗ്രഫി, മലയാളം
.............22
❖ ഹിസ്റ്ററി, ഇക്കണോമിക്സ്,ജ്യോഗ്രഫി, ഹിന്ദി
..............23
❖ ഹിസ്റ്ററി, ഇക്കണോമിക്സ്,ജ്യോഗ്രഫി, അറബിക് ............ 24
❖ ഹിസ്റ്ററി, ഇക്കണോമിക്സ്,ജ്യോഗ്രഫി, ഉറുദു ............ 25

❖ ഹിസ്റ്ററി, ഇക്കണോമിക്സ്,ജ്യോഗ്രഫി, കന്നട ..............26

❖ ഹിസ്റ്ററി, ഇക്കണോമിക്സ്,ജ്യോഗ്രഫി, തമിഴ് ............. 27

❖ ഹിസ്റ്ററി, ഇക്കണോമിക്സ്,സാൻസ്ക്രിറ്റ് സാഹിത്യ, സാൻസ്ക്രിറ്റ് ശാസ്ത്ര ............. 28

❖ ഹിസ്റ്ററി, ഫിലോസഫി,സാൻസ്ക്രിറ്റ് സാഹിത്യ, സാൻസ്ക്രിറ്റ് ശാസ്ത്ര ...............29

❖ ഹിസ്റ്ററി,ഇക്കണോമിക്സ്,പൊളിറ്റിക്കൽ സയൻസ്,സ്റ്റാറ്റിസ്റ്റിക്സ് .... 30

❖ സോഷ്യോളജി, സോഷ്യർ വർക്ക്, ഫിലോസഫി, സ്റ്റാറ്റിസ്റ്റിക്സ് ..... 31

❖ ഇക്കണോമിക്സ്,സ്റ്റാറ്റിസ്റ്റിക്സ്, ആന്ത്രോപ്പോളജി,സോഷ്യൽവർക്ക് 32

❖ ഇക്കണോമിക്സ്, ഗാന്ധിയൻ സ്റ്റഡീസ്, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ..........33

❖ സോഷ്യോളജി, ജേർണലിസം,കമ്മ്യൂണിക്കേറ്റിവ് ഇംഗ്ലീഷ്,കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ........... 34

❖ ജേർണലിസം, ഇംഗ്ലീഷ് ലിറ്ററേച്ചർ, കമ്മ്യൂണിക്കേറ്റിവ് ഇംഗ്ലീഷ്, ഫിലോസഫി .........35

❖ ഹിസ്റ്ററി, ഇക്കണോമിക്സ്, സോഷ്യോളജി, മലയാളം .... 41

❖ ഹിസ്റ്ററി, ഇക്കണോമിക്സ്,പൊളിറ്റിക്കൽ സയൻസ്, മലയാളം ...... 42

❖ ഹിസ്റ്ററി, ഇക്കണോമിക്സ്,ഗാന്ധിയൻ സ്റ്റഡീസ്, മലയാളം ........43

❖ സോഷ്യൽ വർക്ക്, ജേർണലിസം,കമ്മ്യൂണിക്കേറ്റവ് ഇംഗ്ലീഷ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ....... 44

❖ ഹിസ്റ്ററി, ഇക്കണോമിക്സ്,സോഷ്യോളജി, ഹിന്ദി .........45

❖ ഹിസ്റ്ററി, ഇക്കണോമിക്സ്,സോഷ്യോളജി, അറബിക് ..........46

**കോമേഴ്സ് ഗ്രൂപ്പ്**

❖ ബിസ്നസ്സ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, മാത്തമാറ്റിക്സ് .........36
❖ ബിസ്നസ്സ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, സ്റ്റാറ്റിസ്റ്റിക്സ് ..........37
❖ ബിസ്നസ്സ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ് ..........38
ബിസ്നസ്സ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇക്കണോമിക്സ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ..........

## VII.അഡ്മിഷൻ പ്രോസ്പെക്ടസ്, അക്കാഡമിക് കലണ്ടർ

**ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സ്കൂളുകൾ, കോഴ്സുകൾ, ഏകജാലക സംവിധാനം മുഖേനയുള്ള പ്രവേശനപ്രക്രിയ, പ്രവേശനത്തിനുള്ള യോഗ്യതകൾ എന്നിവയുടെ വിശദാംശങ്ങളടങ്ങുന്ന ഒരു കൈപുസ്തകം (അഡ്മിഷൻ പ്രോസ്പെക്ടസ്) പൊതു ജനങ്ങളുടെ അറിവിലേക്കായി എല്ലാവർഷവും പ്രസിദ്ധീകരിച്ചു വരുന്നു.**

**അദ്ധ്യയന ദിവസങ്ങൾ, അവധി ദിവസങ്ങൾ, പരീക്ഷാ ടൈംടേബിൾ എന്നീ വിശദാംശങ്ങളുൾപ്പെടുത്തി വർഷംപ്രതി അക്കാഡമിക്കലണ്ടറും പ്രസിദ്ധീകരിച്ചു വരുന്നു. നിശ്ചിത സമയത്തു തന്നെ കുറ്റമറ്റ രീതിയിൽ പരീക്ഷ നടത്തുന്നതിനും ഫലം പ്രസിദ്ധീകരിക്കുന്നതിനും പ്രത്യേകം ശ്രദ്ധ ചെലുത്തുന്നു.**

## VIII.സിലബസ്

**എൻ.സി.ഇ.ആർ.ടി.ക്കു തത്തുല്യമായ പാഠ്യപദ്ധതിയാണ് ഹയർസെക്കന്ററി കോഴ്സിനു നിലവിലുള്ളത്. പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ചുമതല എസ്.സി.ഇ.ആർ.റ്റിയിൽ നിക്ഷിപ്തമാണ്. എസ്. സി. ഇ. ആർ. റ്റി യുടെ**

ശുപാർശകൾ കരിക്കുലം കമ്മറ്റിയുടെ അംഗീകാരത്തോടെയാണ് നടപ്പിലാക്കുന്നത്. പുതുക്കിയ പാഠ്യപദ്ധതിയും മൂല്യ നിർണ്ണയ രീതിയും നിലവിൽ വന്നത് ഈ മേഖലയിൽ പ്രകടമായ മാറ്റങ്ങൾക്ക് സഹായകമായി.പാഠ്യ പദ്ധതിയിലും മൂല്യ നിർണ്ണയ രീതിയിലും കാലികമാറ്റങ്ങൾ വരുത്താൻ വകുപ്പ് ശ്രദ്ധിച്ചു പോരുന്നു.

## IX.പാഠ്യേതര പദ്ധതികൾ

ഹയർസെക്കന്ററി വിദ്യാർത്ഥികളുടെ സമഗ്രമായ ഉന്നമനത്തെ ലക്ഷ്യമാക്കിയും, സർഗാത്മകത വളർത്തുന്നതിനു വേണ്ടിയും വിവിധ തരത്തിലുള്ള പാഠ്യേതരപദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

### 1) കലാകായിക മത്സരങ്ങൾ

ഹയർസെക്കന്ററി വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് സ്ക്കൂൾതലം മുതൽ സംസ്ഥാനതലം വരെ കലാകായിക മത്സരങ്ങൾ വർഷംതോറും സംഘടിപ്പിച്ചുവരുന്നു. വിദ്യാർത്ഥികളുടെ കലാപരവും കായികവുമായ കഴിവുകൾ മാറ്റുരയ്ക്കപ്പെടുന്ന ഉത്തമ വേദികളാകുന്നു ഇവ.

### 2)എൻ.എസ്.എസ്

വിദ്യാർത്ഥികളിൽ സാമൂഹിക അവബോധം വളർത്തുകയും സാമൂഹ്യ സേവനത്തിന് പ്രചോദനം നൽകുകയും ചെയ്യുകയെന്നുളള ലക്ഷ്യത്തോടെ എൻ.എസ്.എസ്. യൂണിറ്റുകൾ സംസ്ഥാനത്തെ 400 ഹയർ സെക്കന്ററി സ്കൂളുകളിൽ പ്രവർത്തിച്ചുവരുന്നു. ദേശീയോദ്ഗ്രഥനം ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ സാംസ്കാരിക വിനിമയ പരിപാടികളിൽ എൻ.എസ്.എസ് വൊളണ്ടിയർമാർക്ക് അവസരം ലഭിക്കുന്നതോടൊപ്പം കേരള സർക്കാരിന്റെ ഇതര വകുപ്പുകളുമായി ചേർന്ന് രാഷ്ട്ര നിർമ്മാണ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാകാനും വിവിധ നേതൃത്വ പരിശീലന–വ്യക്തിത്വ വികസന പരിപാടികളിൽ പങ്കെടുക്കുവാനും

അവരസം ലഭിക്കുന്നു. കൂടാതെ യൂണിറ്റുതലത്തിൽ വാരാവസാന പ്രവൃത്തി ദിനത്തിലും സാധാരണ ദിവസങ്ങളിൽ പഠന സമയത്തിനു ശേഷവും പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതോടൊപ്പം അവധിക്കാലങ്ങളിൽ പ്രാദേശിക ജനവിഭാഗത്തെ ഉൾപ്പെടുത്തി സഹവാസ സ്പെഷ്യൽ ക്യാമ്പുകളും നടത്തിവരുന്നു. രണ്ടു വർഷം തുടർച്ചയായി എൻ.എസ്.എസ്. പ്രവർത്തനങ്ങൾ നടത്തുകയും ഏഴുദിവസത്തെ സ്പെഷ്യൽ ക്യാമ്പിൽ പങ്കെടുക്കുകയും ചെയ്യുന്ന വൊളണ്ടിയർമാർക്കും ഹയർ സെക്കന്ററി ഡയറക്ടർ നൽകുന്ന എൻ.എസ്.എസ് സർട്ടിഫിക്കറ്റിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

ഹയർ സെക്കന്ററി ഡയറക്ടറുടെ കീഴിൽ പ്രവർത്തിക്കുന്ന എൻ.എസ്.എസ്. സെല്ലിന്റെ ചുമതല പ്രോഗ്രാം കോ–ഓർഡിനേറ്റർക്കാണ്. ഓരോ യൂണിറ്റിനും ഓരോ പ്രോഗ്രാം ഓഫീസർ ഉണ്ട്. പ്രിൻസിപ്പാളിന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമാണ് പ്രോഗ്രാം ഓഫീസർ പ്രവർത്തിക്കുന്നത്. ജില്ലാതലത്തിൽ എൻ.എസ്.എസ്. പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും മോണിറ്ററിംഗിനുമായി ഓരോ ജില്ലയിലും ഓരോ ജില്ലാ കൺവീനർമാരെ ഡയറക്ടർ നിയമിച്ചിട്ടുണ്ട്.

യൂണിറ്റുകളുടെ പ്രവർത്തനങ്ങൾക്കായി ഓരോ സ്കൂളിനും പ്രതിവർഷം 28,000/– രൂപ ഗ്രാന്റായി അനുവദിക്കുന്നു. കേന്ദ്ര–സംസ്ഥാന സർക്കാരുകൾ 7:5 എന്ന അനുപാതത്തിലാണ് ഈ തുക നൽകുന്നത്.

**ഫോൺ നമ്പ:**

**പ്രോഗ്രാംകോ–ഓർഡിനേറ്റർ :0471 2323023**

## X. സ്കോളർഷിപ്പ്

സംസ്ഥാന സർക്കാർ 2007–2008 സാമ്പത്തികവർഷം മുതൽ നടപ്പിലാക്കുന്ന സ്കോളർഷിപ്പ് പദ്ധതിയിൽ ഹയർ സെക്കണ്ടറി മേഖലയിലെ മിടുക്കരായ 9000 വിദ്യാർത്ഥികൾക്ക് പ്രതിവർഷം 5000 രൂപ വീതം പഠനസഹായം നൽകുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്കായിരിക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുക. ഈ സ്കോളർഷിപ്പുകളിൽ 7600 എണ്ണം ജനറൽ കാറ്റഗറിക്കും, 1200 എണ്ണം പട്ടികജാതി/പട്ടികവർഗ്ഗ

**വിഭാഗങ്ങൾക്കും, 200 എണ്ണം കലാകായിക രംഗങ്ങളിൽ മികവ് തെളിയിച്ചവർക്കും ശാരീരിക വിഷമതകളുള്ള വിദ്യാർത്ഥികൾക്കുമായിരിക്കും ലഭിക്കുക. എല്ലാ വിഭാഗങ്ങളിലും പ്ലസ് വൺ പ്ലസ് ടു വിദ്യാർത്ഥികൾക്ക് തുല്യ എണ്ണം സ്കോളർഷിപ്പുകളായിരിക്കും ലഭിക്കുക.**

<u>അപേക്ഷകർ</u>

ജനറൽ കാറ്റഗറി: **അപേക്ഷകർ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളായിരിക്കണം. എസ്.എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യ പരീക്ഷയിലെ ഗ്രേഡ്/മാർക്കുകളുടെ അടിസ്ഥാനത്തിലായിരിക്കും വിദ്യാർത്ഥികളെ തെരെഞ്ഞെടുക്കുക. സംസ്ഥാന സർക്കാരിന്റെ മെറിറ്റ് സ്കോളർഷിപ്പ് ലഭിച്ചുകൊണ്ടിരിക്കുന്ന ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾ ബി.പി.എൽ. സ്കോളർഷിപ്പിന് അപേക്ഷിക്കുവാൻ പാടില്ല.**

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം: **അപേക്ഷകർ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളായിരിക്കണം. എസ്.എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യ പരീക്ഷയിലെ ഗ്രേഡ്/മാർക്കുകളുടെ അടിസ്ഥാനത്തിലായിരിക്കും വിദ്യാർത്ഥികളെ തെരെഞ്ഞെടുക്കുക. മറ്റ് സ്കോളർഷിപ്പുകളും ഗ്രാന്റുകളും ലഭിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികളും ഈ സ്കോളർഷിപ്പിന് അർഹരാണ്.**

കലാ കായിക മത്സരങ്ങളിൽ മികവ് തെളിയിച്ചവർ: **ദേശീയ തലത്തിലോ, സംസ്ഥാനതലത്തിലോ കലാകായിക മത്സരങ്ങളിൽ മികവ് തെളിയിച്ചിട്ടുള്ളവരും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽപ്പെടുന്നവരുമായിരിക്കണം അപേക്ഷകർ.**

വ്യത്യസ്തമായ ശാരീരിക പ്രത്യേകതകളുള്ളവർ (അംഗവൈകല്യം മുതലായവ) : **ഈ വിഭാഗത്തിൽപ്പെടുന്ന അപേക്ഷകരും ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള കുടുംബങ്ങളിൽ നിന്നുള്ളവരായിരിക്കണം. അംഗീകൃത മെഡിക്കൽ ബോർഡിൽ**

**നിന്നും 40 ശതമാനത്തിൽ കുറയാതെ അംഗവൈകല്യമുണ്ടെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം.**

അപേക്ഷാഫാറം: **മുകളിൽ സൂചിപ്പിച്ച 4 വിഭാഗം അപേക്ഷകരും ഒരേതരം അപേക്ഷാഫാറം പൂരിപ്പിച്ച് നൽകിയാൽ മതിയാകും. അപേക്ഷാഫോറം വിദ്യാർത്ഥികൾക്ക് അതത് സ്കൂളുകളിലെ പ്രിൻസിപ്പൽമാരിൽ നിന്നും ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ വിദ്യാർത്ഥിയും രക്ഷിതാവും ഒപ്പുവച്ചശേഷം ക്ലാസ് ടീച്ചറുടെ/ട്യൂട്ടറുടെ ശുപാർശ സഹിതം സ്കൂൾ പ്രിൻസിപ്പൽ മുമ്പാകെ അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതിക്കുമുമ്പ് സമർപ്പിക്കണം. അപേക്ഷകളോടൊപ്പം അനുബന്ധരേഖകളുടെ പകർപ്പുകളും ഹാജരാക്കണം.**

അപേക്ഷകൾ ക്ഷണിക്കുന്ന സമയം: **പതിനൊന്നും പന്ത്രണ്ടും ക്ലാസുകളിലെ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷകൾ സ്വീകരിച്ച് അർഹരായവരെ തെരെഞ്ഞെടുക്കും. ഓരോ അക്കാദമിക വർഷവും പതിനൊന്നാം ക്ലാസ്സിന്റെ ഒന്നാം പാദ പരീക്ഷാഫലം വന്നാലുടൻ സ്കോളർഷിപ്പിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നതാണ്. വിദ്യാർത്ഥികൾക്ക് അപേക്ഷകൾ പൂരിപ്പിച്ച് നൽകാൻ 10 ദിവസം അനുവദിക്കും. 12-ാം ക്ലാസ്സ് വിദ്യാർത്ഥികൾ സ്കോളർഷിപ്പ് തുടർന്ന് കിട്ടാൻ വീണ്ടും അപേക്ഷ നൽകേണ്ടതില്ല. എന്നാൽ, 11-ാം ക്ലാസ്സിന്റെ വർഷാന്ത്യ പരീക്ഷയിൽ D+ൽ കുറയാത്ത ഗ്രേഡ് നേടിയാൽ മാത്രമേ സ്കോളർഷിപ്പ് തുടർന്ന് ലഭിക്കുകയുള്ളൂ. എല്ലാ വർഷവും ഒക്ടോബർ നവംബർ മാസങ്ങളിലായിരിക്കും അപേക്ഷകൾ ക്ഷണിക്കുക.**

സ്കൂൾതലത്തിലുള്ള സെലക്ഷൻ കമ്മിറ്റി:

**സ്കോളർഷിപ്പിനുള്ള അപേക്ഷകൾ പരിശോധിക്കുന്നതിനും അർഹരായവരെ തെരെഞ്ഞെടുക്കുന്നതിനും സ്കൂൾ തലത്തിൽ ഒരു സെലക്ഷൻ കമ്മിറ്റി ഉണ്ടായിരിക്കും. സ്കൂൾ പ്രിൻസിപ്പലായിരിക്കും ഈ കമ്മിറ്റിയുടെ അദ്ധ്യക്ഷൻ. പി.ടി.എ. പ്രസിഡന്റ് ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ, സ്റ്റാഫ് സെക്രട്ടറി, സ്റ്റാഫ് കൗൺസിൽ തെരഞ്ഞെടുക്കുന്ന അദ്ധ്യാപക പ്രതിനിധി എന്നിവർ കമ്മിറ്റിയംഗങ്ങളായിരിക്കും. കമ്മിറ്റിയംഗങ്ങളിലൊരാൾ നിശ്ചയമായും ഒരു വനിതയായിരിക്കണം.**

വിദ്യാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകളിലെ വിശദാംശങ്ങളും അനുബന്ധരേഖകളും സ്കൂൾതല കമ്മിറ്റി സൂക്ഷ്മമായി പരിശോധിക്കണം. എസ്.എസ്.എൽ.സി. പരീക്ഷയുടെ ഗ്രേഡിന്റെ അടിസ്ഥാനത്തിൽ അഡ്മിഷൻ സമയത്ത് തയ്യാറാക്കിയ WGPA യാണ് അപേക്ഷകരുടെ മെരിറ്റായി കണക്കാക്കേണ്ടത്.

ഒന്നിലധികം അപേക്ഷകരുടെ വാർഷിക വരുമാനവും WGPA യും ഒരുപോലെ വന്നാൽ താഴെപ്പറയുന്ന അധിക മാനദണ്ഡങ്ങൾകൂടി മുൻഗണനാക്രമത്തിൽ പരിഗണിക്കണം.

1. മാതാപിതാക്കൾ ജീവിച്ചിരിപ്പില്ലാത്ത കുട്ടികൾ
2. അവിവാഹിതരായ അമ്മമാരുടെ മക്കൾ
3. വിധവയായ, അല്ലെങ്കിൽ നിയമപരമായി വിവാഹബന്ധം വേർപ്പെടുത്തിയ മാതാവിന്റെ മക്കൾ
4. പിതാവ് മാത്രം ജീവിച്ചിരിക്കുന്ന കുട്ടികൾ
5. കാൻസർ, ഹൃദയരോഗങ്ങൾ, കുഷ്ഠം, എയിഡ്സ്, വൃക്കരോഗങ്ങൾ, പക്ഷാഘാതം, മനോവിഭ്രാന്തി തുടങ്ങിയ രോഗങ്ങളാൽ ദുരിതമനുഭവിക്കുന്ന മാതാപിക്കാളുടെ മക്കൾ.
6. അംഗവൈകല്യമുള്ള മാതാപിതാക്കളുടെ മക്കൾ
7. പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി, ബീഡി, കൈത്തറി, മൺകല നിർമ്മാണം, ചുടുകല്ല്/ഓട് നിർമ്മാണം, തീപ്പെട്ടി നിർമ്മാണം എന്നീ മേഖലകളിൽ ജോലിചെയ്യുന്ന മാതാപിതാക്കളുടെ മക്കൾ.
8. ഭൂരഹിതരോ ഭവനരഹിതരോ ആയ മാതാപിതാക്കളുടെ മക്കൾ

ജനറൽ കാറ്റഗറിയിലെ യോഗ്യരായ അപേക്ഷകരെ സ്കൂളിനനുവദിച്ച സ്കോളർഷിപ്പിന്റെ എണ്ണമനുസരിച്ച് സ്കൂൾ സെലക്ഷൻ കമ്മിറ്റി തെരഞ്ഞെടുക്കണം. പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികളുടെ അപേക്ഷകളുടെ വിവരങ്ങൾ അടങ്ങിയ ഫാറം കമ്മിറ്റിയംഗങ്ങൾ ഒപ്പ് വച്ച് ജില്ലാതല അവലോകന സമിതിക്ക് അയക്കുന്നതാണ്. ജില്ലാതല അവലോകന സമിതിയായിരിക്കും ഈ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളെ

തെരഞ്ഞെടുക്കുന്നത്. ജില്ലാതല അവലോകന സമിതി തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ ഡയറക്ടറേറ്റിലേക്ക് അയക്കുന്നതാണ്. പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾക്ക് ജനറൽ കാറ്റഗറിയിൽ തെരഞ്ഞെടുക്കപ്പെടാനുള്ള യോഗ്യതയുണ്ടെങ്കിൽ അത്തരം വിദ്യാർത്ഥികളെ ജനറൽ കാറ്റഗറിയിൽ ഉൾപ്പെടുത്തിയ ശേഷം പട്ടികജാതി/പട്ടികവർഗ കാറ്റഗറിയിലേക്ക് അതേ വിഭാഗത്തിലുള്ള മറ്റ് വിദ്യാർത്ഥികളെ പരിഗണിക്കുന്നതാണ്. കലാകായിക മൽസര വിജയികളുടെയും, അംഗവൈകല്യമുള്ള വിദ്യാർത്ഥികളുടെയും അപേക്ഷ സ്കൂൾകമ്മിറ്റി അംഗങ്ങൾ ഒപ്പ് വെച്ച് ഹയർസെക്കണ്ടറി ഡയറക്ടർക്ക് സമർപ്പിക്കും. ഡയറക്ടറായിരിക്കും ഈ വിഭാഗങ്ങളിലെ അപേക്ഷകരെ തെരഞ്ഞെടുക്കുന്നത്. ജില്ലാ അവലോകന കമ്മിറ്റിക്ക് മുമ്പാകെ സമർപ്പിക്കേണ്ട വിവരങ്ങൾ ജില്ലാപഞ്ചായത്ത് പ്രസിഡന്റിന് അയച്ചുകൊടുക്കുന്നതാണ്.

<u>അപ്പിൽ കമ്മിറ്റി:</u>

സ്കൂൾ തലത്തിൽ വിദ്യാർത്ഥികളെ സ്കോളർഷിപ്പിന് തെരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട പരാതികൾ കേൾക്കുന്നതിനും പരിഹരിക്കുന്നതിനും വേണ്ടി ബന്ധപ്പെട്ട മുൻസിപ്പാലിറ്റി/കോർപ്പറേഷൻ/ജില്ലാ പഞ്ചായത്ത് വാർഡ് മെമ്പർ അദ്ധ്യക്ഷനും, ബന്ധപ്പെട്ട സ്കൂളിന്റെ പ്രിൻസിപ്പലും ആർ.ഡി.ഡി യാൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അതേ വാർഡിലെ അല്ലെങ്കിൽ തൊട്ടടുത്ത വാർഡിലെ സർക്കാർ ഹയർസെക്കന്ററി സ്കൂളിലെ പ്രിൻസിപ്പലും മെമ്പർമാരായി ഒരു അപ്പീൽ കമ്മറ്റിയുണ്ട്.

<u>ജില്ലാതല അവലോകന സമിതി:</u>

ജില്ലാ ആസൂത്രണ സമിതി ചെയർമാൻ അദ്ധ്യക്ഷനും, ജില്ലാ പഞ്ചായത്തിന്റെ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനും പൊതുവിദ്യാഭ്യാസ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടറും അംഗങ്ങളുമായ ജില്ലാതല അവലോകന സമിതിക്ക് ആവശ്യമെങ്കിൽ വിദ്യാർത്ഥികളുടെ പരാതിയുടെ അടിസ്ഥാനത്തിൽ അപ്പീൽ കമ്മിറ്റിയുടെ തീരുമാനങ്ങളെ പുന:പരിശോധിക്കാം. പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെടുന്ന സ്കോളർഷിപ്പ്ന് അർഹരായവരെ തെരഞ്ഞെടുക്കുന്നതും ഈ സമിതിയായിരിക്കും.

## സംസ്ഥാനതല അപ്പീൽ കമ്മിറ്റി :

പൊതു വിദ്യാഭ്യാസ വകുപ്പ് ഗവൺമെന്റ് സെക്രട്ടറി അദ്ധ്യക്ഷനും ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടർമാരും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു ഡി.പി.സി ചെയർമാനും അംഗങ്ങളും പൊതു വിദ്യാഭ്യാസ അഡീഷണൽ സെക്രട്ടറി കൺവീനറുമായുള്ള സംസ്ഥാനതല അപ്പീൽ കമ്മിറ്റിക്ക് ജില്ലാതലത്തിലും ഡയറ്കടറേറ്റ് തലത്തിലുമുള്ള നടപടി ക്രമങ്ങളിലുള്ള വിദ്യാർത്ഥികളുടെ പരാതി കേൾക്കുകയും പരിഹരിക്കുകയും ചെയ്യാം.

## സംസ്ഥാനതല മോണിറ്ററിംഗ് കമ്മറ്റി:

സ്കോളർഷിപ്പ് പദ്ധതി നിരീക്ഷിച്ച് നടപ്പിലാക്കൽ ത്വരിതപ്പെടുത്തുന്നതിനു വേണ്ടി സംസ്ഥാനതലത്തിൽ ഒരു മോണിറ്ററിംഗ് കമ്മറ്റി ഉണ്ടായിരിക്കും. ഹയർ സെക്കന്ററി ഡയറക്ടർ ചെയർമാനായ ഈ കമ്മറ്റിയിൽ ജോയിന്റ് ഡയറക്ടർ (അക്കാദമിക്), ജോയിന്റ് ഡയറക്ടർ (പരീക്ഷ), ഫിനാൻസ് ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തുടങ്ങിയവർ മെമ്പർമാരാണ്.

# XI. അധ്യാപക നിയമനം

സർക്കാർമേഖലയിലും എയ്ഡഡ് മേഖലയിലുമുള്ള ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർ, അധ്യാപകർ, ലാബ് അസിസ്റ്റന്റുമാർ തുടങ്ങിയവരുടെ നിയമനരീതി, അവശ്യ യോഗ്യതകൾ, മറ്റു വിശദാംശങ്ങൾ എന്നിവ പ്രതിപാദിക്കുന്ന ഹയർസെക്കന്ററി സ്പെഷ്യൽ റൂൾസ് നിലവിലുണ്ട്.

# XII. അദ്ധ്യാപക പരിശീലനം

വിദ്യാഭ്യാസത്തെക്കുറിച്ചും അദ്ധ്യാപനത്തെക്കുറിച്ചുമുള്ള കാഴ്ചപ്പാടുകൾ മാറി വരുന്നുണ്ടെങ്കിലും, നല്ല അദ്ധ്യാപകൻ

തന്നെയാണ് പഠന പ്രക്രിയയിലെ കേന്ദ്രബിന്ദു. അദ്ധ്യാപകന്റെ നിലവാരം വിദ്യാർത്ഥികളുടെ പഠനത്തെ തീർച്ചയായും സ്വാധീനിക്കുന്നു. കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊളളാൻ അദ്ധ്യാപകനെയും പ്രാപ്തനാക്കേണ്ടതുണ്ട്. പ്രിൻസിപ്പൽമാർക്കും പുതിയ അധ്യാപകർക്കും ഇൻഡക്ഷൻ ട്രെയിനിംഗ്, അദ്ധ്യാപകർക്ക് റിഫ്രഷർ കോഴ്സുകൾ, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ, തുടർ പരിശീലനം എന്നോണം ക്ലസ്റ്റർ പരിശീലനം എന്നിവയെല്ലാം ഈ ഉദ്ദേശ്യത്തെ സാധൂകരിക്കുന്നു. നിരന്തരമൂല്യ നിർണ്ണയം, ഗ്രേഡിംഗ് എന്നീ മേഖലകളിലും ട്രെയിനിംഗ് നൽകുന്നു. ഇൻഫർമേഷൻ ടെക്നോളജിയുടെ അനന്തസാദ്ധ്യതകളും ഈ മേഖലയിൽ ഉപയോഗപ്പെടുത്താൻ വകുപ്പ് ആലോചിക്കന്നു. ഡയറക്ടറേറ്റിനെയും, റീജിയണൽ ഓഫീസുകളെയും, സ്കൂളുകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന വൈഡ് ഏരിയ നെറ്റ് വർക്ക് കണക്ഷൻ, വീഡിയോ പ്രോഗ്രാമുകൾ, ഇന്ററാക്ടീവ് പ്രോഗ്രാമുകൾ എന്നിവയിലൂടെ അദ്ധ്യാപക പരിശീലന പരിപാടികൾ, സെൻട്രൽ ഡിജിറ്റൽ ലൈബ്രറിയുമായുള്ള നെറ്റ് വർക്ക് കണക്ഷൻ എന്നിവയും, നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി വകുപ്പ് വിഭാവനം ചെയ്യുന്നു.

# XIII.ഡയറക്ടറേറ്റിൽ ലഭ്യമാകുന്ന സേവനങ്ങൾ

## 1) പഠിച്ചകോഴ്സ് റദ്ദാക്കി പുതിയ കോമ്പിനേഷനിൽ അഡ്മിഷൻ നേടാൻ

പ്ലസ്വൺ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾ പാർട്ട് 3 ലെ കോമ്പിനേഷൻ മാറ്റണമെങ്കിൽ കോഴ്സ് റദ്ദാക്കി പുതിയ കോമ്പിനേഷനിൽ പ്ലസ്വൺ അഡ്മിഷൻ നേടാവുന്നതാണ്. പ്ലസ്ടു കോഴ്സ് പൂർത്തീകരിച്ചതും ഹയർ സെക്കന്ററി പരീക്ഷയ്ക്ക് ഹാജരാവുകയും ചെയ്യാത്ത വിദ്യാർത്ഥികൾക്കും ഇത്തരത്തിൽ കോമ്പിനേഷൻ റദ്ദാക്കി പുതിയ കോമ്പിനേഷനിൽ പ്ല സ ് വ ൺ അഡ്മിഷൻ നേടാവുന്നതാണ്.

പ്ലസ്ടു കോഴ്സ് പൂർത്തീകരിക്കുകയും പൊതു പരീക്ഷയിൽ പങ്കെടുക്കുകയും, എന്നാൽ പാർട്ട് 3 വിഷയങ്ങളിൽ

തോൽക്കുകയും ചെയ്ത വിദ്യാർത്ഥികൾക്കും കോമ്പിനേഷൻ റദ്ദാക്കി പുതിയ കോമ്പിനേഷനിൽ പ്ലസ്വൺ അഡ്മിഷൻ നേടാവുന്നതാണ്.

**<u>സമർപ്പിക്കേണ്ട രേഖകൾ</u>**

വിദ്യാർത്ഥിയുടെ വെള്ളക്കടലാസിലുള്ള അപേക്ഷ, പഠിച്ചിരുന്ന സ്കൂളിലെ പ്രിൻസിപ്പലിന്റെ ശുപാർയോടുകൂടി ട്രഷറിയിൽ '0202-01-102-97(03) other receipts' എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നൂറ് രൂപ അടച്ച ചലാൻ രസീത്, മാർക്ക് ഷീറ്റിന്റെ പകർപ്പുകൾ, എസ്.എസ്.എൽ.സിയുടെ പകർപ്പ് എന്നിവ സഹിതം ഹയർസെക്കന്ററി ഡയറക്ടർക്ക് സമർപ്പിക്കണം.

നടപടിക്കുവേണ്ട സമയം : ഒരു ദിവസം

## 2) <u>താഴ്ന്നപ്രായപരിധിയിലുള്ളഇളവ്</u>

ഹയർസെക്കന്ററി കോഴ്സിന് അഡ്മിഷൻ നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥിക്ക് ആ അദ്ധ്യയന വർഷം ജൂൺ 1ന് 15 വയസ്സു തികഞ്ഞിരിക്കേണ്ടതും, 20 വയസ്സ് പൂർത്തിയാകാൻ പാടില്ലാത്തതുമാണ് എന്ന നിബന്ധന നിലവിലുണ്ട്. എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്ക് ഉയർന്ന പ്രായപരിധിയിൽ 2 വർഷത്തെ ഇളവും അന്ധരും ബധിരരുമായ വിദ്യാർത്ഥികൾക്ക് 5 വർഷത്തെ ഇളവും അനുവദനീയമാണ്. താഴ്ന്ന പ്രായപരിധിയിൽ 6 മാസം വരെയുള്ള ഇളവ് അനുവദിക്കുവാൻ ഹയർസെക്കന്ററി ഡയറക്ടർക്ക് അധികാരമുണ്ട്.

**<u>സമർപ്പിക്കേണ്ട രേഖകൾ</u>**

പ്രായം തെളിയിക്കുന്നതിനുള്ള രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, വിദ്യാർത്ഥിയുടെ വെള്ളക്കടലാസിലുള്ള അപേക്ഷ, എസ്.എസ്.എൽ.സി പരീക്ഷ പാസ്സായതിനുള്ള രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ ഹയർസെക്കന്ററി ഡയറക്ടർക്കു സമർപ്പിക്കണം.

നടപടിക്കുവേണ്ട സമയം : ഒരു ദിവസം

## 3) പരീക്ഷാ വിഭാഗത്തിലെ സേവനങ്ങൾ

പരീക്ഷാ സംബന്ധമായി നൽകുന്ന സേവനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള പരമാവധി കാലാവധി താഴെ സൂചിപ്പിച്ചിട്ടുള്ള പ്രകാരമായിരിക്കും.

| നം | സേവനത്തിന്റെ വിവരം | കാലാവധി | Head of Account |
|---|---|---|---|
| 1. | മൈഗ്രേഷൻ സർട്ടിഫിക്കറ്റ് | അതേ ദിവസം | |
| 2. | ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് | ഏഴ് ദിവസത്തിനകം | |
| 3. | കുറഞ്ഞ ഹാജർ നിലയ്ക്ക് ഉള്ള അപേക്ഷ | ഏഴ് ദിവസം | |
| 4. | പരീക്ഷാ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനുള്ള അപേക്ഷ | അതേ ദിവസം | |
| 5. | ഗ്രേസ് മാർക്കിനെ സംബന്ധിച്ചുള്ള അപേക്ഷ | പതിനഞ്ച് ദിവസം | |
| 6. | ശാരീരികവും മാനസികവുമായ വിഷമതകളുള്ള വിദ്യാർത്ഥികൾക്ക് നൽകുന്ന പരീക്ഷാ ഇളവുകൾ | പതിനഞ്ച് ദിവസം | 0202-01-02-97 (03)-other receipts |
| 7. | കോൺഫിഡൻഷ്യൽ മാർക്ക് റിപ്പോർട്ടിംഗ് | അതേ ദിവസം | |
| 8. | റീവാല്യുവേഷൻ, ഫോട്ടോകോപ്പി, സ്ക്രൂട്ണി | കുറഞ്ഞത് നാലു മാസം (റീവാല്യുവേഷന് സാങ്കേതികമായ പ്രശ്നങ്ങളുള്ളതിനാൽ ഈ സമയ പരിധി എല്ലായിപ്പോഴും ബാധകമായിരിക്കില്ല) | |
| 9. | ചില പ്രത്യേക ആവശ്യങ്ങൾക്കുവേണ്ട മറ്റു സർട്ടിഫിക്കറ്റുകൾ | അതേദിവസം | |

**മേൽ സൂചിപ്പിച്ച സേവനങ്ങൾ ലഭ്യമാക്കാൻ അപേക്ഷിക്കേണ്ട വിധം, അനുബന്ധ രേഖകൾ, ഫീസ്, മറ്റ് നിർദ്ദേശങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.**

## 1. <u>മൈഗ്രേഷൻ സർട്ടിഫിക്കറ്റ്</u>

1.1 സംസ്ഥാനത്തിന് പുറത്ത് പഠനം നടത്തുന്നതിന് ഹയർ സെക്കന്ററി വിദ്യാർത്ഥികൾ നിർദ്ദിഷ്ട ഫോറത്തിൽ മൈഗ്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ നൽകണം.

1.2 താഴെപ്പറയുന്ന കാര്യങ്ങൾക്ക് മൈഗ്രേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാണ്.

(എ) ഹയർ സെക്കന്ററി പരീക്ഷ ജയിച്ചതിനുശേഷം സംസ്ഥാനത്തിന് പുറത്ത് ഉപരിപഠനം നടത്തുന്നതിന്.

(ബി) ഹയർ സെക്കന്ററി അദ്ധ്യയനം പൂർത്തിയാക്കിയതിനു ശേഷം സംസ്ഥാനത്തിന് പുറത്ത് സമാന കോഴ്സുകൾക്ക് ചേരുന്നതിന്.

(സി) ഹയർസെക്കന്ററി അദ്ധ്യയനം പൂർത്തിയാക്കാതെ സംസ്ഥാനത്തിന് പുറത്ത് വിവിധ കോഴ്സുകൾക്ക് ചേരുന്നതിന്.

1.3 സംസ്ഥാനത്തിനുള്ളിൽ ഉപരിപഠനത്തിന് ഹയർ സെക്കന്ററി പരീക്ഷ ജയിച്ചവർക്ക് മൈഗ്രേഷൻ സർട്ടിഫിക്കറ്റിന്റെ ആവശ്യമില്ല.

1.4 മൈഗ്രേഷൻ സർട്ടിഫിക്കറ്റിന്റെ അപേക്ഷ എല്ലാ ഹയർസെക്കന്ററി സ്കൂളുകളിലും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ റഗുലർ വിദ്യാർത്ഥികൾ പഠിച്ച സ്കൂളിലെ പ്രിൻസിപ്പൽ മുഖേനയും ഓപ്പൺ സ്കൂൾ വിദ്യാർത്ഥികൾ പരീക്ഷ എഴുതിയ സ്കൂൾ പ്രിൻസിപ്പാൽ മുഖേനയും ബോർഡ് ഓഫ് ഹയർസെക്കന്ററി എക്സാമിനേഷൻ സെക്രട്ടറിക്ക് തപാലിൽ അയയ്ക്കുകയോ നേരിട്ട് സമർപ്പിക്കുകയോ ചെയ്യാവുന്നതാണ്.

1.5 <u>മൈഗ്രേഷൻ സർട്ടിഫിക്കറ്റിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ</u>

(എ) ട്രഷറിയിൽ 50 രൂപ അടച്ചതിന്റെ അസ്സൽ ചെല്ലാൻ

(ബി) മാർക്ക്ലിസ്റ്റിന്റെ പകർപ്പ്

(സി) രജിസ്റ്റേഡ് തപാലിന് മതിയായ സ്റ്റാമ്പ് ഒട്ടിച്ച് സ്വന്തം മേൽവിലാസം എഴുതിയ കവർ.

1.6 അദ്ധ്യയനം പൂർത്തിയാക്കിയിട്ട് അഞ്ചു വർഷത്തിനു ശേഷമാണ് മൈഗ്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ നൽകുന്നതെങ്കിൽ പ്രത്യേക സേർച്ച് ഫീസ് നൽകേണ്ടതാണ്.

**1.7** **മൈഗ്രേഷൻ സർട്ടിഫിക്കറ്റ് കൈമോശം വരുകയോ ചീത്തയാകുകയോ ചെയ്താൽ 150 രൂപ ട്രഷറിയിൽ അടച്ച് ഒറിജിനൽ ചെല്ലാൻ സമർപ്പിക്കുകയും, അപേക്ഷയോടൊപ്പം സർട്ടിഫിക്കറ്റ് വീണ്ടെടുക്കാനാവാത്ത വിധം കൈമോശം വന്നു പോയെന്നും മറ്റാവശ്യങ്ങൾക്ക് കളഞ്ഞു പോയ സർട്ടിഫിക്കറ്റ് ഉപയോഗിച്ചിട്ടില്ലായെന്നും, കൈമോശം വന്ന സർട്ടിഫിക്കറ്റ് കിട്ടിയാൽ തിരികെ ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ ഏൽപ്പിച്ചുകൊള്ളാമെന്ന് കാണിച്ച് രണ്ട് ഗസറ്റഡ് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ ഒരു ഡിക്ലറേഷൻ സമർപ്പിക്കേണ്ടതുമാണ്.**

**1.8** **നേരിട്ട് അപേക്ഷ നൽകുന്ന വിദ്യാർത്ഥികൾക്ക് ശരിയായ ഐഡന്റിഫിക്കേഷൻ സമർപ്പിച്ചാൽ മൈഗ്രേഷൻ സർട്ടിഫിക്കറ്റ് ഹയർസെക്കന്ററി ഡയറക്ടറേറ്റിലെ പരീക്ഷാ വിഭാഗത്തിൽ നിന്നും ലഭ്യമാണ്.**

## 2. <u>ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ്</u>

### 2.1 സമർപ്പിക്കേണ്ട രേഖകൾ

**(എ) 50 രൂപയുടെ മുദ്രപത്രത്തിൽ സർട്ടിഫിക്കറ്റ് തിരിച്ചുകിട്ടാനാകാത്ത വിധം കൈമോശം വന്നുപോയെന്നും തിരിച്ചുകിട്ടുന്ന പക്ഷം ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് ഡയറക്ടറേറ്റിൽ തിരിച്ചേൽപ്പിച്ചുകൊള്ളാമെന്നും വിദ്യാർത്ഥി സ്വയം രേഖപ്പെടുത്തി ജ്യൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് അല്ലെങ്കിൽ ഇന്ത്യൻ എംബസ്സിയിലെ അംഗീകൃത ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സത്യവാങ് മൂലം.**

**(ബി) കേടുപറ്റിയ സർട്ടിഫിക്കറ്റിന്റെ രജിസ്റ്റർനമ്പർ രേഖപ്പെടുത്തിയ ഭാഗം അപേക്ഷയോടൊപ്പം സമർപ്പിച്ചാൽ ടി സത്യവാങ്മൂലം സമർപ്പിക്കേണ്ടതില്ല.**

**(സി) ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിന്റെ അപേക്ഷയോടൊപ്പം 200 രൂപ ഫീസ് അടച്ച് ചെലാനും സമർപ്പിക്കേണ്ടതാണ്. ഒന്നിലധികം സർട്ടിഫിക്കറ്റിന്റെ ഡ്യൂപ്ലിക്കേറ്റ് ആവശ്യപ്പെടുന്ന വിദ്യാർത്ഥികൾ ഓരോ സർട്ടിഫിക്കറ്റിനും 100രൂപ വീതം അധികഫീസ് അടയ്ക്കേണ്ടതാണ്.**

## 3 സർട്ടിഫിക്കറ്റിന്റെ നിജസ്ഥിതി പരിശോധന സംബന്ധിച്ച്.

3.1 സർട്ടിഫിക്കറ്റ് പരിശോധന ആവശ്യപ്പെടുന്ന സ്ഥാപന തലവൻ സാക്ഷ്യപ്പെടുത്തിയ ഹയർസെക്കന്ററി സർട്ടിഫിക്കറ്റിന്റെ ഫോട്ടോകോപ്പി സഹിതം അപേക്ഷ ഹയർസെക്കന്ററി എക്സാമിനേഷൻ സെക്രട്ടറിക്ക് നൽകേണ്ടതാണ്.

3.2 ബോർഡ് ഓഫ് ഹയർസെക്കന്ററി എക്സാമിനേഷൻ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ നിജ സ്ഥിതി ആവശ്യപ്പെട്ട സ്ഥാപനത്തിന്റെ മേധാവിക്കുമാത്രമേ അയച്ചുകൊടുക്കുകയുള്ളൂ.

3.3 പരിശോധനയ്ക്ക് സമർപ്പിക്കുന്ന സർട്ടിഫിക്കറ്റ് വ്യാജമെന്നും, ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ വരുത്തിയിട്ടുള്ളതായും കണ്ടെത്തിയാൽ ആ വിവരം സർക്കാരിനെ അറിയിക്കുകയും പോലീസ് കേസ്സെടുത്ത് അന്വേഷണം നടത്തുന്നതുമാണ്. ക്രമക്കേടുകൾ പൂർണ്ണമായും തെളിയിക്കപ്പെട്ടാൽ ആ വിദ്യാർത്ഥിയുടെ ഫലം റദ്ദാക്കുകയും ആ വിവരം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതുമാണ്.

## 4. കുറഞ്ഞ ഹാജർനില പരിഹരിക്കുന്നത് സംബന്ധിച്ച്

4.1 75 ശതമാനം ഹാജർ ഇല്ലാത്ത ഒന്നും രണ്ടും വർഷ ഹയർസെക്കന്ററി വിദ്യാർത്ഥികൾ അത് പരിഹരിച്ച് കിട്ടുന്നതിന് നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അറുപത്തിയഞ്ചു ശതമാനം വരെ ഹാജർ ഉള്ളവർ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്കും 65 ശതമാനത്തിൽ കുറവുള്ളവർ ഡയറക്ടർ മുഖേന സർക്കാരിലും അപേക്ഷ സമർപ്പിക്കേണ്ടതാണ്. 50 ശതമാനത്തിൽ കുറവ് ഹാജർ ഉള്ളവർ ഹയർസെക്കന്ററി പരീക്ഷ എഴുതുവാൻ അർഹരല്ല. അവർ പുനഃപ്രവേശനം നേടേണ്ടതാണ്.

4.2 ഹാജർ കുറവ് പരിഹരിക്കാൻ അപേക്ഷ നൽകുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ നിർബന്ധമാണ്.

(എ) സർക്കാർ ട്രഷറിയിൽ നിശ്ചിത ഫീസായ 25 രൂപ "0202–01–102–97–03(Other receipts)" എന്ന നമ്പർ ഹെഡ്ഡിൽ അടയ്ക്കണം.

(ബി) അപേക്ഷ വിദ്യാർത്ഥി പഠിച്ച സ്കൂളിലെ പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തണം.

(സി) ഹാജർ കുറവിനുള്ള കാരണം തെളിവു സഹിതം വ്യക്തമാക്കണം.

(ഡി) പരീക്ഷ തുടങ്ങുന്നതിന് പത്തു ദിവസം മുമ്പ് ഹാജർ ഇളവിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(ഇ) രജിസ്റ്റേഡ് മെഡിക്കൽഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അസ്സൽ ഹാജരാക്കണം.

(എഫ്) ഒരു ഹയർസെക്കന്ററി വിദ്യാർത്ഥിക്ക് ഒരു പ്രാവശ്യം മാത്രമേ ഹാജർകുറവ് പരിഹരിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാൻ അനുവാദമുള്ളൂ.

## 5. പരീക്ഷാ രജിസ്ട്രേഷൻ റദ്ദാക്കുന്നത്

5.1 രണ്ടാം വർഷ ഹയർസെക്കന്ററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ അത് റദ്ദാക്കുന്നതിന് താഴെപ്പറയുന്ന കാര്യങ്ങൾ പാലിക്കേണ്ടതാണ്.

(എ) സിവിൽ സർജൻ ഗ്രേഡ് II ൽ കുറയാത്ത ഒരു ഡോക്ടർ വിദ്യാർത്ഥിക്ക് പരീക്ഷ എഴുതാൻ കഴിയാത്ത രോഗാവസ്ഥയാണെന്ന് രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

(ബി) പഠിക്കുന്ന സ്കൂളിലെ പ്രിൻസിപ്പൽ ശുപാർശ ചെയ്യണം.

(സി) പരീക്ഷ ആരംഭിക്കുന്നതിന് കുറഞ്ഞത് മൂന്നു ദിവസത്തിനു മുമ്പ് റദ്ദാക്കലിനുള്ള അപേക്ഷ ഹയർസെക്കന്ററി ഡയറക്ടറേറ്റിലെ പരീക്ഷാ വിഭാഗത്തിൽ ലഭിക്കേണ്ടതാണ്.

(ഡി) ചില ഒഴിച്ചുകൂടാനാകാത്ത സന്ദർഭങ്ങളിൽ, പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് ആരോഗ്യ പ്രശ്നങ്ങൾ കാരണമോ, മറ്റ് മതിയായകാരണങ്ങളാലോ പരീക്ഷ

എഴുതാനാവാതെ വന്നാൽ ടി രീതിയിൽ ഡോക്ടറുടെ സർട്ടിഫിക്കറ്റും പ്രിൻസിപ്പലിന്റെ ശുപാർശയോടും കൂടിയ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ആദ്യ അവസരത്തിൽ പരീക്ഷ എഴുതുന്ന വിദ്യാർത്ഥിയുടെ അപേക്ഷമാത്രമെ ഇപ്രകാരം പരിഗണിക്കുകയുള്ളൂ.

(ഇ) ഇങ്ങനെ രജിസ്ട്രേഷൻ റദ്ദാക്കുന്ന വിദ്യാർത്ഥികൾ പിന്നീടെഴുതുന്ന ആദ്യപരീക്ഷ ആദ്യചാൻസായി പരിഗണിക്കുന്നതാണ്.

## 6 ഗ്രേസ് മാർക്ക് ലഭിക്കുന്നതിന്

6.1 യുവജനോത്സവത്തിലെ വിജയികൾക്കും കായികമത്സര വിജയികൾക്കും എൻ.സി.സിയിൽ പ്രാഗത്ഭ്യം കാണിക്കുന്നവർക്കും ദേശീയ ശാസ്ത്രകോൺഗ്രസ്സിൽ പങ്കെടുത്തവർക്കും ഗ്രേസ് മാർക്കിന് അർഹതയുണ്ട്.

6.2 യുവജനോത്സവ വിജയികൾക്ക് താഴെകൊടുത്തിട്ടുള്ള പ്രകാരമാണ് ഗ്രേസ് മാർക്ക് നൽകുന്നത്.

(എ) എ ഗ്രേഡ് – പരമാവധി മാർക്കിന്റെ (തിയറിയും പ്രാക്ടിക്കലും) 5 ശതമാനം

(ബി) ബി ഗ്രേഡ് – പരമാവധി മാർക്കിന്റെ (തിയറിയും പ്രാക്ടിക്കലും) 4 ശതമാനം

(സി) സി ഗ്രേഡ് – പരമാവധി മാർക്കിന്റെ (തിയറിയും പ്രാക്ടിക്കലും) 3 ശതമാനം

(ഡി) യുവജനോത്സവത്തിന് ഗ്രേസ് മാർക്കിന് അർഹരായ വിദ്യാർത്ഥികൾ വെള്ളപേപ്പറിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം അഡ്മിഷൻ ടിക്കറ്റിന്റെയും മെറിറ്റ് സർട്ടിഫിക്കറ്റിന്റെയും പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കണം.

## 6.3. സ്പോർട്സ്

(എ) ഒന്നാം സ്ഥാനം – പരമാവധി മാർക്കിന്റെ (തിയറിയും പ്രാക്ടിക്കലും) 5 ശതമാനം

(ബി) രണ്ടാം സ്ഥാനം – പരമാവധി മാർക്കിന്റെ (തിയറിയും പ്രാക്ടിക്കലും) 4 ശതമാനം

(സി) മൂന്നാം സ്ഥാനം – പരമാവധി മാർക്കിന്റെ (തിയറിയും പ്രാക്ടിക്കലും) 3 ശതമാനം

## 6.4 ദേശീയ തലത്തിൽ

(എ) ഒന്നാം സ്ഥാനം – പരമാവധി മാർക്കിന്റെ (തിയറിയും പ്രാക്ടിക്കലും) 15 ശതമാനം

(ബി) രണ്ടാം സ്ഥാനം അല്ലെങ്കിൽ റണ്ണർ അപ്പ് പരമാവധി മാർക്കിന്റെ (തീയറിയും പ്രാക്ടിക്കലും) 13 ശതമാനം

(സി) മൂന്നാം സ്ഥാനം – പരമാവധി മാർക്കിന്റെ (തിയറിയും പ്രാക്ടിക്കലും) 11 ശതമാനം

(ഡി) പങ്കെടുത്താൽ – പരമാവധി മാർക്കിന്റെ (തിയറിയും പ്രാക്ടിക്കലും) 10 ശതമാനം

## അന്തർദേശീയം

(എ) പങ്കെടുത്താൽ – പരമാവധി മാർക്കിന്റെ (തിയറിയും പ്രാക്ടിക്കലും) 20 ശതമാനം

6.5 അന്തർദ്ദേശീയ തലത്തിൽ വിജയികൾക്കും റണ്ണറപ്പിനും മൂന്നാം സ്ഥാനക്കാർക്കും എത്ര ശതമാനം ഗ്രേസ് മാർക്ക് നൽകണമെന്ന് തീരുമാനിക്കുന്നത് ഹയർസെക്കന്ററി ഡയറക്ടറാണ്.

## 6.6 എൻ സി സി കേഡറ്റ്സ്

താഴെപ്പറയുന്ന വിഭാഗത്തിലെ എൻ സി സി കേഡറ്റുകൾക്ക് പരമാവധിമാർക്കിന്റെ 10 ശതമാനം ഗ്രേസ്മാർക്ക് നൽകുന്നു.

(എ) കോർപ്പറലോ അതിനു മുകളിലോ റാങ്ക് ഉണ്ടായിരിക്കണം.

(ബി) എ, ബി, സി സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം

(സി) കേന്ദ്രംസംഘടിപ്പിച്ച ക്യാമ്പുകളിൽ പങ്കെടുത്തിരിക്കണം.

6.7 ദേശീയ സയൻസ് കോൺഗ്രസ്സിൽ പങ്കെടുത്ത വിദ്യാർത്ഥി കൾക്ക് പരമാവധി മാർക്കിന്റെ (തിയറിയും പ്രാക്ടിക്കലും) 5 ശതമാനം.

## 6.8 എൻ.എസ്.എസ്.എസ്.വൊളണ്ടിയർമാർ

ഒരു വർഷം 120 മണിക്കൂർ എന്ന തോതിൽ 2 വർഷം തുടർച്ചയായി സാമൂഹ്യ പ്രവർത്തനം നടത്തുകയും ഇക്കാലയളവിൽ ഒരു സപ്തദിന റസിഡൻഷ്യൽ സ്പെഷ്യൽ ക്യാമ്പിൽ പങ്കെടുക്കുകയും ചെയ്യുന്ന എൻ.എസ്.എസ് വൊളണ്ടിയർമാർക്ക് പ്രോഗ്രാം കോർഡിനേറ്ററുടെ ശുപാർശ അനുസരിച്ച് താഴെപറയുന്ന തോതിൽ ഗ്രേഡ് മാർക്ക് അനുവദിക്കുന്നതാണ്.

1. എൻ.എസ്.എസ്. സർട്ടിഫിക്കറ്റ് നേടിയ വൊളണ്ടിയർമാർ – 2%
2. എൻ.എസ്.എസ്. ദേശീയ ക്യാമ്പുകളിൽ പങ്കെടുത്തിട്ടുള്ള വൊളണ്ടിയർമാർ – 3%
3. റിപ്പബ്ലിക് ദിന ക്യാമ്പുകളിൽ പങ്കെടുത്തിട്ടുള്ള വൊളണ്ടിയർമാർ – 5%

## 6.9 <u>ഗ്രേസ് മാർക്കിനുള്ള നിബന്ധനകൾ</u>

(എ) സംസ്ഥാനം, ദേശീയം, അന്തർദേശീയം എന്നീ തലങ്ങളിൽ പങ്കെടുക്കുന്നവർക്ക് പഠനകാലത്ത് മാത്രമേ ഗ്രേസ് മാർക്കിന് അർഹതയുള്ളൂ.

(ബി) ആദ്യ ചാൻസിലെ വിദ്യാർത്ഥികൾക്ക് മാത്രമേ ഗ്രേസ് മാർക്കിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

(സി) പരീക്ഷയ്ക്ക് തോറ്റാലും ജയിച്ചാലും ഗ്രേസ് മാർക്കിന് അർഹതയുണ്ട്. എന്നാൽ പരീക്ഷയ്ക്ക് ഹാജരാകാത്ത വിദ്യാർത്ഥികൾക്ക് ആ ചാൻസിലും, പിന്നീടുള്ള ചാൻസുകളിലും ഗ്രേസ് മാർക്കിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(ഡി) പരമാവധി മാർക്ക് കരസ്ഥമാക്കുന്ന വിഷയങ്ങൾക്ക് ഗ്രേസ് മാർക്ക് ലഭിക്കുന്നതല്ല. ആ വിഷയങ്ങൾക്ക് മറ്റ് വിഷയങ്ങളിലേക്ക് മാറ്റി കിട്ടുന്നതിനും അർഹതയുണ്ടായിരിക്കുന്നതല്ല.

(ഇ) ഓരോ വിഷയത്തിനും അനുവദിക്കുന്ന ഗ്രേസ്മാർക്ക് സർട്ടിഫിക്കറ്റിൽ പ്രത്ര്യേകം രേഖപ്പെടുത്തിക്കൊടുക്കുന്നതല്ല.

(എഫ്) യുവജനോത്സവത്തിലെ വിജയികൾ ഗ്രേസ്മാർക്കിനുള്ള അപേക്ഷ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

(ജി) കായിക മത്സരങ്ങളിൽ ഗ്രേസ് മാർക്കിന് അർഹതയുള്ള വിദ്യാർത്ഥികൾ അപേക്ഷയുടെ ഒരു കോപ്പി ബോർഡ് ഓഫ് ഹയർസെക്കന്ററി എക്സാമിനേഷൻ സെക്രട്ടറിക്കും മറ്റൊന്ന് ഡി.പി.ഐക്കും സമർപ്പിക്കേണ്ടതാണ്.

(എച്ച്) കായിക മത്സരങ്ങൾക്കുള്ള ഗ്രേസ്മാർക്ക് ഡി പി ഐയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മാത്രമേ അനുവദിക്കുകയുള്ളൂ.

(ഐ) ഗ്രേസ്മാർക്കിനുള്ള അപേക്ഷയുടെ ഒരു പകർപ്പ് ബോർഡ് ഓഫ് ഹയർസെക്കന്ററി എക്സാമിനേഷൻ സെക്രട്ടറിക്കും മറ്റൊന്ന് ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ), എൻ സി സിയ്ക്കും സമർപ്പിക്കേണ്ടതാണ്.

## 7. ശാരീരികമായും മാനസികമായും വിഷമതകളുള്ള വിദ്യാർത്ഥി കൾക്കുള്ള ആനുകൂല്യത്തെ സംബന്ധിച്ച്.

7.1 ശാരീരികമായി വിഷമതകളുള്ള വിദ്യാർത്ഥികൾക്ക് പരീക്ഷയ്ക്ക് ഓരോ മണിക്കൂറിനും പത്ത്മിനിറ്റ് ഗ്രേസ് സമയം വിഷമതയുടെ വ്യാപ്തി അനുസരിച്ച് താഴെപ്പറയുന്ന നിബന്ധനകൾക്കനുസൃതമായി നൽകുന്നതാണ്.

(എ) വെള്ളപേപ്പറിലുള്ള അപേക്ഷയോടൊപ്പം വിദ്യാർത്ഥിയുടെ ഫോട്ടോയും സ്പെഷ്യലിസ്റ്റ് ഫിസിക്കൽ മെഡിസിൻ ആന്റ് റീ ഹാബിലിറ്റേഷൻ ഉൾപ്പെട്ട മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റും ഹാജരാക്കണം.

(ബി) ശാരീരികമായ വിഷമത കാരണം സ്വന്തമായി എഴുതാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് ഒരു പകർപ്പെഴുത്തുകാരന്റെ (scribe) സഹായം നൽകുകുന്നതാണ്. കൂടാതെ പരീക്ഷയുടെ ഓരോ മണിക്കൂറിനും പതിനഞ്ച് മിനിറ്റ് സമയം അധികമായി അനുവദിക്കുന്നതുമാണ്. ഈ ആനുകൂല്യം ലഭിക്കുന്നതിന് സമർപ്പിക്കുന്ന മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റിൽ, വിദ്യാർത്ഥിക്ക് സ്വന്തം കൈകൊണ്ട് എഴുതാൻ കഴിയുകയില്ലെന്നും ഒരു പകർപ്പെഴുത്തു

കാരന്റെയും അധിക സമയത്തിന്റെയും ആവശ്യകത ഉണ്ടെന്നും പ്രത്യേകം സൂചിപ്പി ച്ചിരിക്കേണ്ടതാണ്.

(സി) കൈ സ്വന്തമായി ചലിപ്പിക്കാനാവാത്ത വിഷമതയുണ്ടെന്ന് മെഡിക്കൽ ബോർഡ് ചൂണ്ടിക്കാണിക്കുന്ന വിദ്യാർത്ഥികളെ ഡയഗ്രം, ജോമട്രിക്കൽ ഫിഗേഴ്സ് എന്നിവ വരയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇങ്ങനെ ഒഴിവാക്കുന്ന ഡയഗ്രത്തിനും ജോമട്രിക്കൽ ഫിഗേഴ്സിനുമുള്ള മാർക്ക് കുട്ടിക്ക് ആ വിഷയത്തിന് ലഭിക്കുന്ന മാർക്കിന്റെ അനുപാതത്തിൽ നൽകുന്നതാണ്.

(ഡി) മാനസിക വിഷമതയുള്ള വിദ്യാർത്ഥികൾക്കും ന്യൂറോളജിക്കൽ പ്രശ്നങ്ങൾ ഉള്ള കുട്ടികൾക്കും 20 ശതമാനം മാർക്ക് അധികമായി ലഭിക്കാൻ അർഹതയുണ്ട്. മാനസിക വിഷമതകളുള്ള കുട്ടിയ്ക്ക് സർട്ടിഫിക്കറ്റ് നൽകുന്ന മെഡിക്കൽ ബോർഡിൽ ഒരു സൈക്യാട്രിസ്റ്റും ന്യൂറോളജിക്കൽ പ്രശ്നങ്ങൾ ഉള്ള കുട്ടിയ്ക്ക് സർട്ടിഫിക്കറ്റ് നൽകുന്ന മെഡിക്കൽ ബോർഡിൽ ഒരു ന്യൂറോളജിസ്റ്റും ഉണ്ടായിരിക്കേണ്ടതാണ്.

(ഇ). ശാരീരിക വിഷമതകളോടൊപ്പം മാനസിക വിഷമതയും കേഴ്വിക്കുറവും, കാഴ്ചക്കുറവുമുള്ള വിദ്യാർത്ഥികൾക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകുമ്പോൾ അതാത് സ്പെഷ്യലിസ്റ്റുകൾ ഹാജരായി ബോർഡിനെ വിഷമതയുടെ വ്യാപ്തി ബോദ്ധ്യപ്പെടുത്തേണ്ടതുമാണ്.

(എഫ്) ടി ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ പരീക്ഷ തുടങ്ങുന്നതിന് മൂന്നുമാസം മുമ്പ് അതാത് റീജിയണൽ ഡപ്യൂട്ടി ഡയറക്ടർമാർക്ക് സമർപ്പിക്കേണ്ടതാണ്. മെഡിക്കൽ ബോർഡ് നൽകുന്ന സർട്ടിഫിക്കറ്റിന്റെ ഒറിജിനലും അതിന്റെ സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പും അപേക്ഷയോടൊപ്പം വെയ്ക്കേണ്ടതാണ്. ഒറിജിനൽ മെഡിക്കൽ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ശേഷം കുട്ടിയ്ക്ക് തിരികെ നൽകുന്നതാണ്.

## 8. ബധിരരും മൂകരുമായ (Deaf and dumb) വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങളെ സംബന്ധിച്ച്.

ടി വിഷമതകളുള്ള വിദ്യാർത്ഥികൾക്ക് 20 ശതമാനം മാർക്ക് അധികമായി ലഭിക്കാൻ അർഹതയുണ്ട്. ഈ ആനുകൂല്യത്തിന് സർട്ടിഫിക്കറ്റ് നൽകുന്ന മെഡിക്കൽ ബോർഡിൽ ഒരു ഇ.എൻ.ടി സ്പെഷ്യലിസ്റ്റ് ഉണ്ടായിരിക്കണം. ഒറിജിനൽ മെഡിക്കൽ സർട്ടിഫിക്കറ്റും അതിന്റെ സാക്ഷ്യപ്പെടുത്തിയ ഫോട്ടോകോപ്പിയും അപേക്ഷയോടൊപ്പം സമർപ്പിക്കണം. ഭാഷാ പേപ്പറുകൾ എഴുതുന്നതിൽ നിന്നും ഈ കുട്ടികളെ എസ് എസ് എൽ സി പരീക്ഷയ്ക്ക് ഒഴിവാക്കിയിട്ടുണ്ടെങ്കിൽ ഉപഭാഷ എഴുതുന്നതിൽ നിന്നും ഒഴുവാക്കിക്കിട്ടുവാൻ ഈ വിദ്യാർത്ഥികളെയും അനുവദിക്കുന്നതാണ്.

## 9. അന്ധരായ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യത്തെ സംബന്ധിച്ച്.

9.1 അന്ധരായ വിദ്യാർത്ഥികൾക്ക് പരീക്ഷയെഴുതാൻ അധികസമയവും പകർപ്പെഴുത്തുകാരന്റെ സഹായവും താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നതാണ്.

(എ) അപേക്ഷയോടൊപ്പം ഡിപ്പാർട്ട്മെന്റ് ഓഫ് ഒഫ്താൽമോളജി തലവന്റെയോ സംസ്ഥാനത്തെ മെഡിക്കൽ കോളേജിലെ അസോസിയേറ്റ് പ്രൊഫസറിൽ കുറയാത്ത ഓഫീസറുടേയോ ജില്ലാ ഒഫ്താൽമിക് സർജന്റേയോ പക്കൽ നിന്നും ലഭിച്ച ഒറിജിനൽ മെഡിക്കൽ സർട്ടിഫിക്കറ്റും അതിന്റെ സാക്ഷ്യപ്പെടുത്തിയ ഒരു ഫോട്ടോ കോപ്പിയും വെയ്ക്കേണ്ടതാണ്.

20 മുതൽ 49 ശതമാനം വരെ കാഴ്ചവൈകല്യമുള്ള വിദ്യാർത്ഥികൾക്ക് പരീക്ഷയുടെ ഓരോ മണിക്കൂറിനും 10 മിനിറ്റ് അധികസമയം അനുവദനീയമാണ്. 50 മുതൽ 79 ശതമാനം വരെ കാഴ്ചവൈകല്യമുള്ളവർക്ക് ഓരോ മണിക്കൂറിനും 15 മിനിറ്റ് അധികം നൽകുന്നതാണ്. 80 ശതമാനമോ അതിലധികമോ കാഴ്ചക്കുറവുള്ളവർക്ക് ഓരോ

മണിക്കൂറിനും 15 മിനിറ്റ് അധികസമയം അനുവദിക്കുന്നതോടൊപ്പം ഒരു പകർപ്പെഴുത്തുകാരന്റെ സഹായവും അനുവദനീയമാണ്. 19 ശതമാനമോ അതിൽ താഴെയോ അന്ധതയുള്ള വിദ്യാർത്ഥികളെ സാധാരണ വിദ്യാർത്ഥികളായി മാത്രമേ പരിഗണിക്കുകയുള്ളൂ.

(ബി) ടി ആനുകൂല്യത്തിനുള്ള അപേക്ഷ പരീക്ഷ തുടങ്ങുന്നതിന് മൂന്നുമാസം മുമ്പ് അതാത് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നൽകേണ്ടതാണ്. പ്ലസ്ടു വിന് താഴെ മാത്രം വിദ്യാഭ്യാസ യോഗ്യതയുള്ള ആളിനെ മാത്രമേ പകർപ്പെഴുത്തുകാരനായി നിയോഗിക്കാവൂ. അതായത് പകർപ്പെഴുത്തുകാരൻ ഹയർസെക്കന്ററി പരീക്ഷയോ സമാനമായ പരീക്ഷകളോ പാസ്സായിട്ടുള്ള ആളായിരിക്കരുത്. പകർപ്പെഴുത്തുകാരനായി നിയോഗിക്കാൻ ഉദ്ദേശിക്കുന്ന ആളിന്റെ വിവരങ്ങൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഐഡൻന്റിറ്റിയും വിദ്യാഭ്യാസ യോഗ്യതയും പരിശോധിച്ച് പകർപ്പെഴുത്തുകാരനെ നിയമിക്കേണ്ട പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട പ്രിൻസിപ്പലിനാണ്.

## 10. മാർക്ക് കോൺഫിഡൻഷ്യലായി റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്

10.1 സംസ്ഥാനത്തിനോ രാജ്യത്തിനോ പുറത്ത് ഉപരിപഠനത്തിനും തൊഴിൽപരമായ ആവശ്യത്തിനും ഹയർസെക്കന്ററി പരീക്ഷാഫലം പുറത്തു വരുന്നതിനു മുമ്പ് മാർക്ക് ആവശ്യപ്പെടുന്ന സ്ഥാപനങ്ങളിലേക്ക് ഹയർസെക്കന്ററി പരീക്ഷാസെക്രട്ടറി രഹസ്യമായി അയച്ചുകൊടുക്കുന്നതാണ്. ഇതിനുവേണ്ട അപേക്ഷയും നിശ്ചിത ഫീസടച്ച ഒറിജിനൽ ചെല്ലാനും ഹയർസെക്കന്ററി പരീക്ഷാ ബോർഡ് സെക്രട്ടറിക്ക് ഫലം പ്രഖ്യാപിക്കുന്നതിനുമുമ്പ് സമർപ്പിക്കേണ്ടതാണ്. ഒന്നിലധികം സ്ഥാപനങ്ങൾ മാർക്ക് ആവശ്യപ്പെടുകയാണെങ്കിൽ ഓരോ സ്ഥാപനത്തിലേയ്ക്കും അയയ്ക്കുന്നതിന് പ്രത്യേക അപേക്ഷയും ഫീസും അടയ്ക്കേണ്ടതാണ്. രജിസ്റ്റേർഡ് തപാലിലോ സ്പീഡ്പോസ്റ്റിലോ അയയ്ക്കാൻ വേണ്ട സ്റ്റാമ്പ് ഒട്ടിച്ച് സ്ഥാപനത്തിന്റെ വിലാസം വ്യക്തമായെഴുതിയ കവറും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

## 11. റീവാല്യൂവേഷൻ, ഫോട്ടോകോപ്പി,സ്ക്രൂട്ണി

ഹയർ സെക്കന്ററി പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞാൽ വിദ്യാർത്ഥികൾക്ക് റീവാല്യൂഷൻ, ഫോട്ടോകോപ്പി, സ്ക്രൂട്ണി എന്നിവയ്ക്ക് അപേക്ഷിക്കാവുന്നതാണ്. ഇതിനായിട്ടുള്ള അപേക്ഷാ ഫാറങ്ങൾ സ്കൂളുകളിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷയോടൊപ്പം താഴെപ്പറയുന്ന ഫീസടച്ച് ഒറിജിനൽ ചെല്ലാൻ സഹിതം സെക്രട്ടറിക്ക് അപേക്ഷ നിശ്ചിത തീയതിയ്ക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.

| | | |
|---|---|---|
| റീവാല്യൂവേഷൻ പേപ്പർ ഒന്നിന് | – | 400 രൂപ |
| ഫോട്ടോകോപ്പി പേപ്പർ ഒന്നിന് | – | 300 രൂപ |
| സ്ക്രൂട്ണി പേപ്പർ ഒന്നിന് | – | 75 രൂപ |

## റീവാല്യൂവേഷൻ/സ്ക്രൂട്ടണിവ്യവസ്ഥകൾ

1. തിയറി ഉത്തരക്കടലാസുകൾ മാത്രമേ റീവാല്യൂവേഷൻ/സ്ക്രൂട്ടണിക്ക് വിധേയമായിരിക്കുകയുള്ളൂ. പ്രായോഗിക പരീക്ഷയ്ക്ക് റീവാല്യുവേഷൻ സ്ക്രൂട്ടണി അനുവദിക്കുന്നതല്ല.
2. ലഭിച്ച സ്കോറിന്റെ അഞ്ച് ശതമാനമോ അതിൽ കൂടുതലോ അധികവ്യത്യാസം റീവാല്യൂവേഷനിൽ ലഭിച്ചാൽ മാത്രമേ ആദ്യം കിട്ടിയ സ്കോറിൽ വർദ്ധന ലഭിക്കുകയുള്ളൂ. പരീക്ഷ ജയിച്ച വിഷയത്തിന് അഞ്ച് ശതമാനത്തിൽ കുറവാണ് വ്യത്യാസം വരുന്നതെങ്കിൽ അത് പരിഗണിക്കുന്നതല്ല.
3. റീവാല്യൂവേഷനിൽ മുൻപ് ലഭിച്ച അഞ്ച് ശതമാനത്തിൽ കുറവ് റീവാല്യൂവേഷനിൽ ലഭിക്കുന്ന വിഷയങ്ങൾക്ക് ആ സ്കോറുംകൂടി ചേർത്താൽ മോഡറേഷൻ മുഖേനയോ, അല്ലാതെയോ ജയിക്കാൻ സാധ്യതയുണ്ടെങ്കിൽ റീവാല്യൂവേഷനിൽ അധികം ലഭിക്കുന്ന സ്കോർ സേ പരീക്ഷക്കു പാസ്സാകാൻവേണ്ട സ്കോറുവരെ നിജപ്പെടുത്തികൊടുക്കുന്നതാണ്.

4. റീവാല്യൂവേഷനിൽ മുമ്പ്ലഭിച്ച സ്കോറിലും അധികമായി അഞ്ചുശതമാനത്തിൽ കുറവ് സ്കോർ റീവാല്യൂവേഷനിൽ വന്നാൽ തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് അഡ്മിഷനുവേണ്ടി ഫിസിക്സ്, കെമസ്ട്രി, ബയോളജി, മാത്തിമറ്റിക്സ് എന്നീ വിഷയങ്ങൾക്ക് ആ സ്കോറും കൂടി ചേർത്ത് അൻപത് ശതമാനമായി നിജപ്പെടുത്തികൊടുക്കുന്നതാണ്.

5. റീവാല്യൂവേഷനിൽ ആദ്യ വാല്യുവേഷനിൽ ലഭിച്ച സ്കോറിന്റെ അഞ്ച് മുതൽ പത്തുശതമാനംവരെ വ്യതിയാനമുണ്ടായാൽ അത് പിന്നീടൊരു റീവാല്യൂവേഷനു വിധേയമാക്കാതെ തന്നെ നൽകുന്നതാണ്.

6. എന്നാൽ ആദ്യ വാല്യുവേഷനിൽ ലഭിച്ച സ്കോറിന്റെ പത്ത് ശതമാനത്തിൽ കൂടുതൽ വ്യത്യാസം രേഖപ്പെടുത്തിയാൽ ആ ഉത്തരക്കടലാസ്, രണ്ടാമതൊരു റീവാല്യൂവേഷന് വിധേയമാക്കുകയും രണ്ട് റീവാല്യൂവേഷനിലും ലഭിച്ച അധിക സ്കോറിന്റെ ശരാശരി കണക്കാക്കുകയും അത് ആദ്യം ലഭിച്ച സ്കോറിന്റെ അഞ്ച് ശതമാനത്തിൽ കൂടുതലാണെങ്കിൽ അത് വിദ്യാർത്ഥിക്ക് നൽകുന്നതാണ്.

7. റീവാല്യൂവേഷനിൽ വരുന്ന വ്യതിയാനം ആദ്യം ലഭിച്ച സ്കോറിലും കുറവാണെങ്കിൽ ആദ്യം കിട്ടിയ സ്കോർ നിലനില്ക്കുന്നതായിരിക്കും.

8. റീവാല്യൂവേഷനിൽ ടി പറഞ്ഞതരത്തിലുള്ള വ്യതിയാനം സ്കോറിൽ ലഭ്യമാകുന്ന വിദ്യാർത്ഥികൾ തങ്ങളുടെ ഒറിജിനൽ മാർക്ക്ലിസ്റ്റ് സഹിതം പുതിയ മാർക്ക്ലിസ്റ്റിന് റീവാല്യൂവേഷൻ ഫലം പ്രഖ്യാപിച്ച് ഒരു മാസത്തിനുള്ളിൽ അപേക്ഷ പരീക്ഷാസെക്രട്ടറിക്ക് നേരിട്ടോ, തപാൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്.

9. സ്ക്യൂട്ടനിക്ക് മാത്രമായി അപേക്ഷനൽകുന്നവരുടെ ഉത്തരക്കടലാസുകളിൽ മാർക്ക് കൂട്ടിയതിൽ എന്തെങ്കിലും തെറ്റുകൾ സംഭവിച്ചിട്ടുണ്ടോയെന്നും ഏതെങ്കിലും ഉത്തരം വാല്യൂ ചെയ്യാതിരിന്നിട്ടുണ്ടോയെന്നും വിശദമായി പരിശോധിക്കുകയും ആ വിവരം വിദ്യാർത്ഥികളെ രേഖാമൂലം അറിയിക്കുന്നതുമാണ്.

## 12. ഉപരിപഠനത്തിന് നൽകുന്ന സർട്ടിഫിക്കറ്റുകളെ സംബന്ധിച്ച്

ഹയർസെക്കന്ററി വിദ്യാർത്ഥികൾക്ക് ജനുവിന്നസ് സർട്ടിഫിക്കറ്റ്, പാസ് സർട്ടിഫിക്കറ്റ് എന്നിവ അവർ ആവശ്യപ്പെടുന്നതനുസരിച്ച് നൽകി വരുന്നുണ്ട്. വെള്ളപേപ്പറിൽ അപേക്ഷയോടൊപ്പം 200 രൂപ ഫീസ് അടച്ച ഒറിജനൽ ചെല്ലാനും ഉപരിപഠനം നടത്തുന്നതിനെ സംബന്ധിച്ച തെളിവുകളും സമർപ്പിക്കേണ്ടതാണ്.

## മൂല്യ നിർണ്ണയം

***"Marks are statements of quantity. Whereas grades are staments of quality"***

**- Harper and Harper**.

2007 മുതൽ ഹയർ സെക്കന്ററി പരീക്ഷാമൂല്യ നിർണ്ണയത്തിന് ഗ്രേഡിങ് സമ്പ്രദായം ഏർപ്പെടുത്തി.

എഴുത്ത് പരീക്ഷയിലൂടെ മൂല്യ നിർണ്ണയം സാധ്യമല്ലാത്ത, അക്കാദമികമായ ചില പ്രാപ്തികളും പാടവങ്ങളും വിദ്യാർത്ഥികളിൽ വിലയിരുത്തപ്പെടേണ്ടതുണ്ട്. നിരന്തരമൂല്യ നിർണ്ണയത്തിലൂടെ മാത്രമേ അത്തരം കഴിവുകളെ വിലയിരുത്താൻ സാധിക്കൂ. എഴുത്ത് പരീക്ഷയിലൂടെയും നിരന്തരമൂല്യ നിർണ്ണയത്തിലൂടെയും വിലയിരുത്തപ്പെടുന്ന വിദ്യാർത്ഥികളെ 9 പോയിന്റ് സ്കെയിൽ ഗ്രേഡുപയോഗിച്ച് തരം തിരിച്ച് മികവ് നിശ്ചയിക്കുന്നു. **A+,A, B+,B, C+,C, D+,D, E** എന്നിങ്ങനെയാണ് ഗ്രേഡുകൾ.

പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും മൂല്യനിർണയ കേന്ദ്രങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്യുന്ന പരീക്ഷാക്രമക്കേടുകൾ അതതു വർഷം രൂപവത്കരിക്കുന്ന ഹയർ സെക്കന്ററി അധ്യാപകരും ഹയർ സെക്കന്ററി ഡയറക്ടറേറ്റിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥനും ചേർന്ന

സമതി പരിശോധിക്കുകയും. അതിനനുസരിച്ച് ഹിയറിംഗ് നടത്തി സമിതി നിർദ്ദേശിക്കുന്ന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

# XIV. പ്രോവിഡന്റ് ഫണ്ട്

പി.എഫിൽ നിന്നും അഡ്വാൻസ് അനുവദിക്കുന്നതു സംബന്ധിച്ചുളള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അഡ്വാൻസ് ഉത്തരവാകുന്നത് | അഡ്വാൻസിന്റെ സ്വഭാവം | പരമാവധി തുക | |
|---|---|---|---|---|
| | | | നിലവിലുളളത | പുതിക്കയത് |
| 1 | ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾ | ടെമ്പററി അഡ്വാൻസ്/ നോൺ റിഫണ്ടബിൽ അഡ്വാൻസ് | 25000 | 50000 |
| 2 | റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഹയർസെക്കന്ററി വിദ്യാഭ്യാസം | ടെമ്പററി അഡ്വാൻസ്/ നോൺ റിഫണ്ടബിൽ അഡ്വാൻസ് | 1,00,000 | 2,00,000 |
| 3 | ഡയറക്ടർ ഹയർസെക്കന്ററി വിദ്യാഭ്യാസം | ടെമ്പററി അഡ്വാൻസ്/ നോൺ റിഫണ്ടബിൽ അഡ്വാൻസ് | നിയമാനുസൃതം നൽകാവുന്നത് | നിയമാനുസൃതം നൽകാവുന്നത് |

# XV. റീജിയണൽ ഓഫീസുകളിൽ ലഭ്യമാകുന്ന സേവനങ്ങൾ

## 1. സ്ക്കൂൾ മാറ്റം - സബ്ജക്റ്റ് കോമ്പിനേഷൻ മാറ്റമില്ലാത്തത്

ചേരാനുദ്ദേശിക്കുന്ന സ്കൂളിലെ പ്രിൻസിപ്പലിന്റെ വേക്കൻസി റിപ്പോർട്ട് സഹിതമുള്ള സമ്മതപത്രം, വെള്ളക്കടലാസിലുള്ള അപേക്ഷ എന്നിവ ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന സ്കൂളിലെ

പ്രിൻസിപ്പലിന് സമർപ്പിച്ച് അന്നേ ദിവസം തന്നെ സ്കൂൾ മാറ്റം നടത്താവുന്നതാണ്.

2. <u>സബ്ജക്റ്റ് കോമ്പിനേഷൻ മാറ്റമുള്ളത്</u>

വെള്ളക്കടലാസിലുള്ള അപേക്ഷയോടൊപ്പം പഠിച്ചുകൊണ്ടിരിക്കുന്ന സ്ക്കൂളിലെ പ്രിൻസിപ്പലിന്റെ സമ്മതപത്രം, മാറ്റാനുദ്ദേശിക്കുന്ന സ്ക്കൂളിലെ പ്രിൻസിപ്പലിൽ നിന്നും കുട്ടിയ്ക്ക് പ്രവേശനം നൽകാനുള്ള വേക്കൻസിയുണ്ടെന്നുള്ള (അതേ കോമ്പിനേഷനിൽ) സമ്മതപത്രം എന്നിവയുമായി ബന്ധപ്പെട്ട റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറെ സമീപിച്ചാൽ (കുറഞ്ഞത് 80 ശതമാനം അദ്ധ്യയന ദിവസങ്ങളെങ്കിലും ആ വർഷത്തിൽ ബാക്കിയുണ്ടായിരുന്നാൽ) അന്നേദിവസം തന്നെ സ്കൂൾമാറ്റത്തിനുള്ള ഉത്തരവ് നൽകുന്നതാണ്.

3. ഹയർസെക്കന്ററി സ്കൂൾ പ്രവേശനം സംബന്ധിച്ച വിദ്യാർത്ഥികളുടെ പരാതി പരിഹാരം (പരമാവധി സമയം – 3 ദിവസം)
4. സ്കൂൾ പുനഃപ്രവേശനത്തിനുള്ള അപേക്ഷകൾ പരിശോധിച്ച് വിദ്യാർത്ഥികൾക്ക് പ്രവേശനത്തിനുള്ള അനുവാദം നൽകൽ (പരമാവധി സമയം – 2 ദിവസം)
5. സ്കൂൾ പ്രവേശനാനന്തരം വിദ്യാർത്ഥികൾക്ക് ആവശ്യമുള്ള പക്ഷം സ്കൂൾമാറ്റം (പരമാവധി സമയം – 2ദിവസം)
6. വിദ്യാർത്ഥികളുടെ ആവശ്യപ്രകാരം ഹയർസെക്കന്ററി പരീക്ഷയുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് നൽകൽ (പരമാവധി സമയം – 3 ദിവസം)
7. ശാരീരിക വിഷമതകളുള്ള വിദ്യാർത്ഥികൾക്ക് പരീക്ഷ ഏഴുതുന്നതിനാവശ്യമായ അധികസമയം, സ്ക്രൈബ് മുതലായ സൗകര്യങ്ങൾക്കുള്ള ഉത്തരവുകൾ നൽകൽ (പരമാവധി സമയം – 7 ദിവസം)
8. വ്യത്യസ്ത ശാരീരികക്ഷമതയുള്ള (differently abled) വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് അനുവദിച്ച് ഉത്തരവ് നൽകൽ (പരമാവധി സമയം – 7 ദിവസം)
9. എയിഡഡ്/ഗവ.ഹയർ സെക്കന്ററി സ്കൂളുകളിൽ സ്റ്റാഫ് ഫിക്സേഷൻ നടത്തുകയും ഫിക്സേഷൻ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്യുന്ന കർത്തവ്യം

10. എയിഡഡ് ഹയർസെക്കന്ററി സ്കൂളിലെ അധ്യാപകരുടേയും അനധ്യാപകരുടേയും മാസശമ്പളബില്ലുകൾ, അനുബന്ധ ബില്ലുകൾ പരിശോധിച്ച് മേലൊപ്പ് നൽകൽ.
11. ഹയർസെക്കന്ററിസ്കൂൾ അധ്യാപകരുടെയും അനധ്യാപകരുടേയും അവധി അപേക്ഷകൾ പരിശോധിച്ച് നടപടി സ്വീകരിക്കൽ
12. അധ്യാപകരുടെ പ്രോവിഡന്റ് ഫണ്ടിൽ നിന്നുളള ലോണുകൾ അനുവദിക്കൽ
13. അധ്യാപകരുടെ രോഗചികിത്സാ ചെലവുകൾ അനുവദിച്ച് ഉത്തരവ് നൽകൽ
14. ഹയർസെക്കന്ററി സ്കൂളുകളിലെ ഔദ്യോഗികകണക്ക് പരിശോധനയുടെ നിർവ്വഹണം.
15. സ്കൂളിനേയും അധ്യാപകരേയും സംബന്ധിക്കുന്ന പരാതികളിൻമേൽ അന്വേഷണം നടത്തി നടപടികൾക്ക് ശുപാർശ ചെയ്യൽ.
16. അധ്യാപകരുടെ പെൻഷൻ സംബന്ധമായ അപേക്ഷകൾ പരിശോധിച്ച് തീർപ്പ് കൽപ്പിക്കൽ.

17. അധ്യാപക നിയമനാംഗീകാരത്തിന് ആർ.ഡി.ഡി ഓഫീസിൽ അപേക്ഷ നൽകുമ്പോൾ നൽകേണ്ട അനുബന്ധ രേഖകൾ

എയിഡഡ് സ്കൂൾ അധ്യാപകരുടെയും ലാബ് അസിസ്റ്റന്റുമാരുടെയും നിയമനാംഗീകാരം സംബന്ധിച്ച രേഖകൾ, അതതു മേഖലാ ഓഫീസർമാർക്കാണ് മാനേജർമാർ സമർപ്പിക്കേണ്ടത്.

എയിഡഡ് ഹയർസെക്കന്ററി സ്കൂളുകളിൽ അധ്യാപക നിയമനം നടത്തുമ്പോൾ താഴെ പറയുന്ന നിബന്ധനകൾ നിർബന്ധമായും പാലിച്ചിരിക്കേണ്ടതാണ്.

1) സ്റ്റാഫ് ഫിക്സേഷൻ ഉത്തരവു പ്രകാരമുളള തസ്തികകളിൽ മാത്രമേ നിയമനം നടത്താവു.
2) ഒരു അദ്ധ്യയന വർഷത്തിൽ, കുറഞ്ഞകാലദൈർഘ്യമുളള ഒഴിവുകളിൽ ഗസ്റ്റ് അദ്ധ്യാപക നിയമനം മാത്രമേ നടത്താവു.
3) ഒഴിവുകൾ സംബന്ധിച്ച് പ്രമുഖ ദിന പത്രങ്ങളിൽ ഒന്നിലെങ്കിലും പരസ്യം നൽകേണ്ടതാണ്.

4) സ്പെഷ്യൽ റൂൾസിൽ പ്രതിപാദിച്ചിട്ടുളള പ്രകാരം രൂപീകരിച്ചിട്ടുള്ള സെലക്ഷൻ കമ്മറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലേ അധ്യാപക നിയമനം നടത്താവു.
5) സെലക്ഷൻ കമ്മറ്റി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി, മുഖാമുഖത്തിന്റെ തീയതി മുതൽ ഒരു വർഷത്തേക്കായിരിക്കും.
6) ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിച്ച് 15 ദിവസങ്ങൾക്കകം നിയമനാംഗീകാരത്തിനുളള ശുപാർശ ബന്ധപ്പെട്ട റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് അയക്കേണ്ടതാണ്. ലീവ്/രാജി ഒഴിവിലാണ് നിയമനമെങ്കിൽ, ലീവ്/രാജി അംഗീകരിച്ച് സർക്കാർ/ ഹയർസെക്കന്ററി ഡയറക്ടർ ഇറക്കിയ ഉത്തരവിന്റെ പകർപ്പ് എന്നിവയും സമർപ്പിക്കേണ്ടതാണ്.

7) നിയമനാംഗീകാരത്തിനുളള പ്രൊപ്പോസലിനൊപ്പം താഴെ പറയുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ്.

i. നിയമന ഉത്തരവിന്റെ മൂന്ന് കോപ്പി
ii. Change of staff statement - മൂന്ന്കോപ്പി
iii. സ്വഭാവ സർട്ടിഫിക്കറ്റ്
iv. മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്
v. മാനജരുടെ ഡിക്ലറേഷൻ
   a) 51 A പ്രകാരമുളള ഡിക്ലറേഷൻ
   b) കോടതികേസുകൾ സംബന്ധിച്ച ഡിക്ലറേഷൻ
   c) സ്പെഷ്യൽ റൂൾസ് പ്രകാരം ഓരോ വിഭാഗത്തിനും നിഷ്കർഷിച്ചിട്ടുളള നിയമനം ഉറപ്പ് വരുത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ച ഡിക്ലറേഷൻ
   d) തെറ്റായ വിവരം നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തു കൊണ്ടുളള ഡിക്ലറേഷൻ
vi. പത്രപരസ്യത്തിന്റെ ക്ലിപ്പിങ്ങ്
vii. ജോയിനിംഗ് റിപ്പോർട്ട്
viii. സേവന പുസ്തകം ( ബാധകമെങ്കിൽ)
ix. ബന്ധപ്പെട്ട അധ്യാപകന്റെ ഡിക്ലറേഷൻ

x. പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ സെലക്ഷൻ കമ്മറ്റിയുടെ റിപ്പോർട്ടിന്റെ കോപ്പി

xi. ഉയർന്ന റാങ്ക് കരസ്ഥമാക്കിയവരുടെ പ്ലേസ്മെന്റ് സംബന്ധിച്ച വിശദാംശങ്ങൾ

xii. യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ അസ്സൽ; പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ മൂന്നു പകർപ്പടക്കം.

xiii. പ്രായം തെളിയിക്കുന്ന രേഖ (എസ്.എസ്.എൽ.സി)

xiv. യോഗ്യതാ പരീക്ഷകളുടെ മാർക്ക്‌ലിസ്റ്റിന്റെ അസ്സൽ, പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ മൂന്ന് പകർപ്പടക്കം.

xv. നിയമനാംഗീകാരത്തിനുള്ള യോഗ്യത കേരളത്തിനു വെളിയിലുള്ള സർവ്വകലാശാലകളിൽ നിന്നും നേടിയതാണെങ്കിൽ കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാലയിൽ നിന്നുള്ള തുല്യതാ സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കേണ്ടതാണ്. കേരളത്തിനു പുറത്ത് നിന്ന് സയൻസ് വിഷയങ്ങളിലെടുത്ത ബിരുദം, ബി.എഡ് എന്നിവയ്ക്ക് റഗുലർ പഠനം സാധൂകരിക്കുന്ന ബന്ധപ്പെട്ട സ്ഥാപനത്തിൻ നിന്നുള്ള കോഴ്സ് സർട്ടിഫിക്കറ്റ് ആവശ്യമാണ്. (ബന്ധപ്പെട്ട യൂണിവേഴ്സിറ്റിയുമായുള്ള സ്ഥാപനത്തിന്റെ അഫിലിയേഷൻ സർട്ടിഫിക്കറ്റിൽ വ്യക്തമാക്കിയിരിക്കണം.

xvi. ബന്ധപ്പെട്ട വിഷയത്തിൽ ബി.എഡ് ബിരുദം ഇല്ലാത്ത ആളെ നിയമിക്കുന്നു എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദീകരിച്ചിരിക്കണം. ബി.എഡ് ബിരുദം ഉള്ളവരുടെ അഭാവത്തിൽ ചില വിഷയങ്ങളിൽ ബി.എഡ് ഇല്ലാത്തവരെ നിയമിക്കാൻ സ്പെഷ്യൽ റൂൾസിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം നിയമനം നടത്തുന്നുവെങ്കിൽ ബന്ധപ്പെട്ട അദ്ധ്യാപകനിൽ നിന്നും പ്രസ്തുത വിഷയത്തിൽ നിശ്ചിത സമയത്തിനുള്ളിൽ ബി.എഡ് ബിരുദം കരസ്ഥമാക്കിക്കൊള്ളാം എന്ന ഡിക്ലറേഷൻ ലഭ്യമാക്കിയിരിക്കണം.

18. എയിഡഡ് ഹയർ സെക്കന്ററി സ്കുളുകളിലെ ജൂനിയർ അധ്യാപക തസ്തിക അപ്ഗ്രേഡ് ചെയ്ത് സീനിയർ തസ്തികയായി മാറ്റുന്നതിലേക്ക് മാനേജർമാർ അതത് മേഖലാ

ആഫീസർമാർക്ക് പ്രൊപ്പോസൽ നൽകണം. പ്രൊപ്പോസലിനോടൊപ്പം നിയമന ഉത്തരവ്, സി.എസ് സ്റ്റേറ്റ്മെന്റ്, മാനേജരുടെ ഡിക്ലറേഷൻ, ബന്ധപ്പെട്ട അധ്യാപകന്റെ ഡിക്ലറേഷൻ, സ്റ്റാഫ് ഫിക്സേഷൻ ഓർഡറിന്റെ കോപ്പി, ജൂനിയർ തസ്തികയിലുള്ള നിയമന ഉത്തരവിന്റെ കോപ്പി എന്നിവ സമർപ്പിക്കണം.

നിയമനാംഗീകാരവുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷ്മപരിശോധനയ്ക്കു ശേഷം 60 ദിവനത്തിനകം തീർപ്പ് കൽപ്പിക്കുന്നതാണ്.

# XVI.പരാതി പരിഹാരം

ഹയർ സെക്കന്ററി വകുപ്പിന്റെ സേവനങ്ങളെ സംബന്ധിച്ച് പരാതി ഉത്ഭവിക്കുകയാണെങ്കിൽ താഴെ പറയുന്ന തലങ്ങളിൽ പരാതി നൽകാവുന്നതാണ്.

## 1. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, മേഖലാ ഓഫീസുകൾ

അതത് മേഖലകളുടെ അധികാര പരിധിയിൽ വരുന്ന കാര്യങ്ങളെ സംബന്ധിച്ച പരാതികൾ, ബന്ധപ്പെട്ട മേഖല ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകാവുന്നതാണ്.

| | വിലാസം | ഫോൺ നമ്പർ |
|---|---|---|
| മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം | 4th floor Corporation Building, TVM | 0471 2328247 |
| മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം. | Govt. U P School, Edapally, | 95484 23443646 |

| | | |
|---|---|---|
| | Ernakulam | |
| മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് | Govt. LPS Parappil, Kozhikode | 95495 2305211 |

## 2.ഹയർ സെക്കന്ററി ഡയറക്ടറേറ്റ്, തിരുവനന്തപുരം

**അക്കാദമിക് വിഷയവുമായി ബന്ധപ്പെട്ട പരാതികൾ അക്കാദമിക് വിഭാഗം ജോയിന്റ് ഡയറക്ടർക്കും, പരീക്ഷാ സംബന്ധമായ പരാതികൾ പരീക്ഷാ വിഭാഗം ജോയിന്റ് ഡയറക്ടർക്കും സമർപ്പിക്കാവുന്നതാണ്. അതുപോലെ ഫിനാൻസുമായി ബന്ധപ്പെട്ട പരാതികൾ ഫിനാൻസ് ഓഫീസർക്കും അഡ്മിനിസ്ട്രേഷനുമായി ബന്ധപ്പെട്ട പരാതികൾ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർക്കും നൽകി പരിഹാരം തേടാവുന്നതുമാണ്.**

| മേൽവിലാസം | ഫോൺ നമ്പർ |
|---|---|
| ജോയിന്റ് ഡയറക്ടർ, അക്കാദമിക് ഹയർസെക്കന്ററി ഡയറക്ടറേറ്റ് , തിരുവനന്തപുരം -1. | **0471-2323198** |
| ജോയിന്റ് ഡയറക്ടർ, എക്സാം,ഹയർസെക്കന്ററി ഡയറക്ടറേറ്റ്, തിരുവനന്തപുരം-1. | **0471-2323192**<br>**0471-2323193** |
| അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഹയർ സെക്കന്ററി ഡയറക്ടറേറ്റ്, തിരുവനന്തപുരം-1. | **0471-2325868** |
| ഫൈനാൻസ് ഓഫീസർ, ഹയർ സെക്കന്ററി ഡയറക്ടറേറ്റ്, തിരുവനന്തപുരം | **0471-2320928** |

## അപ്പലേറ്റ് അധികാരി

**അപ്പലേറ്റ് അധികാരി ഹയർസെക്കന്ററി ഡയറക്ടർ ആണ്. അപ്പലേറ്റ് അധികാരിക്ക് മുകളിൽ വകുപ്പ് സെക്രട്ടറി, വകുപ്പ് മന്ത്രി എന്നിവർക്ക് പരാതി നൽകാവുന്നതാണ്.**

## XVII. വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷകൾ

| ക്രമ നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | അപേക്ഷ നൽകേണ്ടത് | അപ്പലേറ്റ് അതോറിറ്റി |
|---|---|---|---|
| 1 | സ്കൂളുമായി ബന്ധപ്പെട്ട വിവരങ്ങൾ | പ്രിൻസിപ്പലിന് | ബന്ധപ്പെട്ട റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ |
| 2 | മേഖലാ ഓഫീസുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ | മേഖലാ ഓഫീസ് സൂപ്രണ്ടിന് | ബന്ധപ്പെട്ട റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ |
| 3 | ഹയർ സെക്കന്ററി ഡയറക്ടറേറ്റുമായി ബന്ധപ്പെട്ട വിവരം | സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, ഹയർ സെക്കന്ററി ഡയറക്ടറേറ്റ്, ശാന്തി നഗർ, തിരുവനന്തപുരം – 1 | ഡയറക്ടർ |

**വകുപ്പിനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ .www.dhsekerala.gov.in ൽ ലഭ്യമാണ്.**

**സ്കൂൾപ്രവേശനത്തെ സംബന്ധിച്ച വിവരങ്ങൾ www.hscap.kerala.gov.in ലും ലഭിക്കും.**

